**അടിയന്തരപ്രമേയം**

**സോളാർ തട്ടിപ്പുകേസ്**

മി. സ്പീക്കർ: സോളാർ തട്ടിപ്പുകേസിലെ മുഖ്യപ്രതിയായ ബിജു രാധാകൃഷ്ണനുമായി എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ചും സരിത എസ്. നായരുമായി ഡൽഹിയിലെ വിജ്ഞാൻഭവനിൽ വച്ചും മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തിയതായി പറയപ്പെടുന്ന വിവരങ്ങൾ പുറത്തു വന്നിരിക്കുന്നതുമൂലവും പ്രതികളുടെ നിയമലംഘനങ്ങൾക്ക് കൂട്ടുനിന്നതുമൂലവും ഉളവായിട്ടുള്ള ഭരണഘടനാ/സത്യപ്രതിജ്ഞാലംഘനങ്ങൾ സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മാത്യു റ്റി. തോമസ്, കെ. കുഞ്ഞിരാമൻ, വി. എസ്. സുനിൽ കുമാർ, കോവൂർ കുഞ്ഞുമോൻ, എ. കെ ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കഴിഞ്ഞ ബുധനാഴ്ച മുതൽ ഇക്കാര്യം പല രീതിയിൽ ഇവിടെ ചർച്ചയ്ക്ക് വരികയും അതിനൊക്കെ മറുപടി പറയുകയും ചെയ്തു. പക്ഷേ, വീണ്ടും പുകമറ സൃഷ്ടിക്കത്തക്ക വിധത്തിലുള്ള കാര്യങ്ങൾ ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് വളരെ ഗൗരവമായിട്ടാണ് ഈ പ്രശ്നത്തെ കണ്ടിട്ടുള്ളത്. ഇവിടെ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ തന്നെ എ.ഡി.ജി.പി.(ഇന്റലിജൻസ്) ശ്രീ. സെൻ കുമാറിനെ അന്വേഷണത്തിനുള്ള ചുമതല ഏൽപ്പിക്കുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പേഴ്സണൽ സ്റ്റാഫിൽപ്പെട്ട രണ്ടുപേരെ മാറ്റി നിർത്തി വിശദമായൊരു അന്വേഷണം വേണമെന്നാണ് ആ റിപ്പോർട്ടിൽ

പറഞ്ഞിട്ടുള്ളത്. വിശദമായൊരന്വേഷണത്തിനുവേണ്ടി സൗത്ത് സോൺ എ.ഡി.ജി.പി.യെ ഇതിനായി ചുമതലപ്പെടുത്തി. അതിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഫോൺ വിളിച്ചുവെന്നതുകൊണ്ടുമാത്രം ഒരാളെ കുറ്റവാളിയായി കണക്കാക്കാൻ പറ്റില്ല. പക്ഷെ, എന്ത് സംസാരിച്ചു, .......................(ബഹളം).................എന്ത് സംസാരിച്ചുവെന്നതിനെ സംബന്ധി ച്ചാണ് പരിശോധിക്കേണ്ടത്. അതിനുവേണ്ടിയാണ് വിശദമായൊരു അന്വേഷ ണത്തിന് ഉത്തരവിട്ടിരിക്കുന്നത്. ............(ബഹളം)................

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയട്ടെ; അടിയന്തര പ്രമേയത്തിന്മേലുള്ള മുഖ്യമന്ത്രിയുടെ നിലപാട് അറിയിക്കണ്ടേ; പ്രതിപക്ഷാം ഗങ്ങൾക്കും സംസാരിക്കാനുള്ള അവസരമുണ്ടല്ലോ;

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. മാത്യൂ റ്റി. തോമസ് തന്നിരിക്കുന്ന നോട്ടീസിൽ ഞാനൊരു കത്ത് കൊടുത്തുവെന്ന് എഴുതിയിട്ടുണ്ട്. അതുസംബന്ധിച്ച് നേരത്തെതന്നെ വ്യക്തമാക്കിയതാണ്. എമർജിംഗ് കേരളയിൽ ഈ കമ്പനിയെ ഉൾപ്പെടുത്തണമെന്നുപറഞ്ഞ് കത്ത് കൊടുത്തുവെന്നുപറയുന്നത് ശരിയല്ല. അതിനെക്കുറിച്ച് ഞാൻ അന്വേഷിച്ചു. അങ്ങനെയൊരു കത്ത് ഞാൻ കൊടുത്തിട്ടില്ല. അങ്ങനെയൊരു കത്ത് കെ.എസ്.ഐ.ഡി.സി.ക്ക് കിട്ടിയിട്ടില്ല, എമർജിംഗ് കേരളയിൽ ഇതൊരു പ്രോജക്ടുമല്ല. എമർജിംഗ് കേരളയിൽ..............(ബഹളം).............

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ...........മുഖ്യമന്ത്രി മറുപടി പറയട്ടെ;

ശ്രീ. ഉമ്മൻ ചാണ്ടി: എമർജിംഗ് കേരളയിൽ ഇതൊരു പ്രോജക്ടായി വന്നിട്ടില്ല. ആർക്കുവേണമെങ്കിലും വെബ്സൈറ്റിൽ ഇക്കാര്യം പരിശോധി ക്കാവുന്നതേയുള്ളൂ. ഇത് എമർജിംഗ് കേരളയിൽ വന്നൊരു പ്രോജക്ടേയല്ല.

അങ്ങനെയൊരു കത്ത് ഞാൻ കൊടുത്തിട്ടില്ലെന്ന് ആവർത്തിച്ചുപറയുന്നു. പലവട്ടം ചെക്ക് ചെയ്തതിനുശേഷമാണ് ഞാൻ ഇക്കാര്യം പറയുന്നത്. നിങ്ങൾ ഇങ്ങനെയൊക്കെ പറയാൻ കാരണമെന്താണെന്ന് അന്വേഷിച്ചപ്പോൾ ഇങ്ങനെയൊരു കത്തുണ്ടെന്ന് ഇവരിൽ ആരോ ആരോടോ പറഞ്ഞുവെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിലാണ്. ഇല്ലാത്ത കത്ത് ഉണ്ടാകുമോ; മറ്റൊരു കാര്യം, വിജ്ഞാൻഭവനിൽ വച്ച് സരിത എസ്. നായരെ ഞാൻ കണ്ടു വെന്നാണ് പറയുന്നത്. ഇതുസംബന്ധിച്ച് ചില മീഡിയ വിഷ്വൽസ് പുറത്തു വിട്ടു. വിജ്ഞാൻഭവനിൽ വച്ച് കണ്ടുവെന്ന് പറയുന്ന ആ വിഷ്വൽ കേരളാ ഹൗസിലെ വിഷ്വൽസാണ്. ................(ബഹളം)........ അതിൽ കാണിക്കുന്ന സ്ത്രീ സരിത എസ്. നായരല്ല; കേരള ഗവൺമെന്റിന്റെ സുപ്രീംകോടതിയിലെ അഡ്വക്കേറ്റ് ശ്രീമതി ബീന മാധവനാണ്. ഈ വിഷ്വലിൽ "സരിത എസ്. നായർ മുഖ്യമന്ത്രിയെ കണ്ടു. കഴിഞ്ഞ ഡിസംബർ മാസം 27-ാം തീയതി പ്രധാനമന്ത്രി വിളിച്ചുചേർത്ത ദേശീയ വികസന സമിതിയോഗത്തിനുശേഷം സരിത മുഖ്യമന്ത്രിയെ കണ്ടു. വി.ഐ.പി.കൾക്കുമാത്രം പ്രവേശനമുള്ള വിജ്ഞാൻഭവനിൽ എങ്ങനെ സരിത കടന്നു" എന്ന ചോദ്യത്തോടുകൂടിയാണ് വാർത്ത പ്രസിദ്ധീകരിച്ചത്. 27-ാം തീയതി സരിത എസ്. നായരെ കണ്ടുവെന്ന് പറഞ്ഞാണ് വാർത്ത വന്നിരിക്കുന്നത്. എന്നാൽ ദേശീയ വികസന സമിതി യോഗം 29-ാം തീയതിയായിരുന്നു. ഞാൻ അവിടെ ചെന്നപ്പോൾ കോഴിക്കോട്- വയനാട് എം.പി.മാർ വയനാട്ടിലെ രാത്രികാല യാത്രാനിരോധ നത്തെക്കുറിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്യണമെന്ന് പറഞ്ഞു. ആ കേസ് ഇപ്പോൾ സുപ്രീം കോടതിയിൽ നടക്കുകയാണ്. സുപ്രീം കോടതിയിൽ ആ കേസ് നടത്തുന്ന ശ്രീമതി ബീനാ മാധവനോട് കേരളാ ഹൗസിൽ വരാൻ

പറഞ്ഞു. അവർ വന്നു, പ്ലാനിംഗിന്റെ ചാർജുകൂടി ഉണ്ടായിരുന്നതുകൊണ്ട് ആ സമയത്ത് ശ്രീ. കെ. സി ജോസഫും എന്നോടൊപ്പമുണ്ടായിരുന്നു. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ, ശ്രീ. എം. ഐ. ഷാനവാസ്, ശ്രീ.എം. കെ. രാഘവൻ, ശ്രീ. കൊടിക്കുന്നിൽ സുരേഷ് എന്നിവർ പങ്കെടുത്ത കേരള ഹൗസിലെ യോഗത്തിനുശേഷമുള്ള ഒരു വിഷ്വലാണ് വിജ്ഞാൻഭവനിൽ വച്ച് കണ്ടുവെന്ന് പറഞ്ഞ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇത്രയും പോകണോ; നിങ്ങളൊന്ന് ആലോചിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വിജ്ഞാൻഭവനിൽ വച്ച് മുഖ്യമന്ത്രി സരിത എസ്. നായരെ കണ്ടുവെന്ന് പറഞ്ഞത് ഞങ്ങളാരുമല്ല. താങ്കളുടെ പ്രതിപുരുഷനായി ഡൽഹിയിലെ കേരള ഹൗസിൽ പ്രവർത്തിക്കുന്ന ഒരു പാവം പയ്യനെന്ന് അറിയപ്പെടുന്ന കുരുവിള എന്നയാൾ റിപ്പോർട്ടർ ചാനലിനോടാണ് ഇത് പറഞ്ഞിരിക്കുന്നത്. വിജ്ഞാൻഭവനിൽ വച്ച് ഇങ്ങനെയൊരു ഇന്റർവ്യൂ ശരിയാക്കിക്കൊടുത്തുവെന്ന് ശ്രീ. കുരുവിളയാണ് റിപ്പോർട്ടർ ചാനലിനോട് പറഞ്ഞിരിക്കുന്നത്. അങ്ങ് അത് കണ്ടിട്ടുണ്ടാവും.

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ അത് പറയാം. ഏതായാലും ഈ വിഷ്വൽസ് കൊടുത്തത് കുരുവിളയല്ലല്ലോ; ആര് പറഞ്ഞാലും സത്യം സത്യമല്ലാതെ വരുമോ; ശ്രീ. പി. സി. ജോർജ് എന്നോട് ഇക്കാര്യം നേരത്തെ പറഞ്ഞിരുന്നുവെന്ന് പറഞ്ഞു. ശ്രീ. പി. സി. ജോർജ് എന്നോട് ഇക്കാര്യം പറഞ്ഞത് 4-ാം തീയതിയാണ്. 3-ാം തീയതി തന്നെ അവരെ അറസ്റ്റ് ചെയ്തിരുന്നുവെന്ന് പറഞ്ഞപ്പോൾ അത് ശരിയാണെന്ന് അദ്ദേഹം പറഞ്ഞു. ശ്രീ. കുരുവിള പറഞ്ഞത് ശരിയല്ല. വിജ്ഞാൻഭവനിൽനിന്ന് അഞ്ചര മണിക്കുള്ള ഫ്ളൈറ്റിൽ തിരിച്ചുവരാനായി ഞാനും ശ്രീ. കെ. സി. ജോസഫും കൂടി

ഇറങ്ങിവരുമ്പോൾ വണ്ടി അകത്തേയ്ക്ക് വിളിക്കാൻ കാത്തുനിൽക്കാൻപോലും സമയമില്ലാത്തതുകൊണ്ട് നടന്ന് റോഡരികിലേയ്ക്ക് വരികയും അവിടെനിന്ന് വണ്ടി വിളിച്ച് വരുകയുമാണ് ചെയ്തത്. ആ സമയത്ത് പത്രക്കാർ അവിടെയുണ്ട്. വണ്ടിവരുന്ന ഒരു മിനിറ്റ് സമയം ഞാൻ പത്രക്കാരുമായി സംസാരിച്ചു. ഈ പത്രക്കാരുടെ കൂട്ടത്തിൽ ഇവരുണ്ടായിരുന്നുവെന്നാണ് ശ്രീ. കുരുവിള പറഞ്ഞത്. ഉണ്ടായിരുന്നോ ഇല്ലയോയെന്ന് എനിക്കറിയില്ല. ഞാൻ കണ്ടിട്ടില്ല. ............. (ബഹളം) .......... അതിനാണ് കേരള ഹൗസിൽ നടന്നൊരു ചർച്ചയുടെ വിഷ്വലെടുത്ത് അതിൽ മറ്റൊരാളുടെ ഫോട്ടോ കാണിച്ച് സരിത എസ്. നായരുമായി സംസാരിക്കുന്നു വെന്ന് പറഞ്ഞ് കൊടുത്തിരിക്കുന്നത്. ഇതാണ് ഇവിടെ നടന്നിരിക്കുന്നത്. ഞാൻ കൊലക്കേസിലെ പ്രതിയുമായി ചർച്ചചെയ്തുവെന്നതാണ് മറ്റൊരു വിഷയം. പ്രിയപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, അങ്ങ് അഞ്ച് കൊല്ലം ആഭ്യന്തരവകുപ്പുമന്ത്രിയായിരുന്നു. അന്നും ഈ കേസുണ്ടായിരുന്നു. പക്ഷേ, നിങ്ങൾ യാതൊരു നടപടിയും സ്വീകരിച്ചില്ല. ഒന്നും ചെയ്തില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് 25-05-2013-ന് അദ്ദേഹത്തെ കൊലക്കേസിൽ പ്രതിയാക്കിയത്. അന്ന് അവിടത്തെ ഒരു കമ്പനി എക്സിക്യൂട്ടീവിന് എന്നെ കാണേണ്ട ആവശ്യമുണ്ട്, കാണണമെന്ന് ശ്രീ. എം. ഐ. ഷാനവാസ് എന്നോട് ആവശ്യപ്പെട്ടപ്പോൾ ഞാൻ എറണാകുളം ഗസ്റ്റ് ഹൗസിലുണ്ട് വന്നുകാണാൻ അനുവാദം നൽകി. അദ്ദേഹം വന്നു, അദ്ദേഹത്തോടൊപ്പം ഒരാളുണ്ടായിരുന്നു. അദ്ദേഹം കേരള ത്തിലെ ഒരു ദിനപത്രത്തിലെ ജീവനക്കാരനാണെന്ന് പറഞ്ഞു. അവർ രണ്ടു പേരും കൂടിച്ചേർന്ന് എന്നോട് സംസാരിച്ചു. അദ്ദേഹത്തിന്റെ

കുടുംബപരമായിട്ടുള്ള കാര്യങ്ങൾ മാത്രമാണ് അവർ സംസാരിച്ചത്. കുടുംബ പരമായിട്ടുള്ള കാര്യങ്ങൾ മാത്രമാണ് അവർ എന്നോട് സംസാരിച്ചത്. അവർ വന്ന് അവരുടെ കാര്യം ഈ സാന്നിദ്ധ്യത്തിൽ വച്ച് ....................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അയാൾ മറ്റ് പല കേസുകളിലായി പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിക്കപ്പെട്ട ഒരാളാണെന്ന് അറിയുമായിരുന്നോ; താങ്കൾക്ക് ഇന്റലിജൻസില്ലേ; ഇന്റലിജൻസുകാർ ഗസ്റ്റ് ഹൗസിന് ചുറ്റും നടക്കുന്നില്ലേ; എന്തുകൊണ്ട് അവർക്കാർക്കും അങ്ങ യുടെമുമ്പിൽ ഇത് റിപ്പോർട്ട് ചെയ്യാൻ സാധിച്ചില്ല? ഒരു പിടികിട്ടാപ്പുള്ളി മുഖ്യമന്ത്രിയെ വന്നുകണ്ട് പോലീസുകാരുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി യെന്നുള്ളതല്ലേ ഇവിടുത്തെ ഗൗരവകരമായ പ്രശ്നം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, 14 കേസ്സുകളിൽ പ്രതിയായ ഇദ്ദേഹത്തെ പിടികിട്ടാ പ്പുള്ളിയായി പ്രഖ്യാപിക്കേണ്ടിയിരുന്നത് അങ്ങായിരുന്നു. അങ്ങ് അത് ചെയ്തില്ല. .............(ബഹളം)..........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിങ്ങൾ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചയാളെ നിങ്ങൾതന്നെ കാണുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, 14 ചീറ്റിംഗ് കേസ്സുകളും അങ്ങയുടെ കാലത്ത് നടന്നതാണ്. നിങ്ങളുടെ കാലത്ത് ഇതൊക്കെ നടന്നു. അതുകൊണ്ട് ഞങ്ങളുടെ കാലത്തും......... ഞങ്ങളൊരിക്കലും പറഞ്ഞിട്ടില്ല. പക്ഷേ അങ്ങു തന്നെ പിടികിട്ടാപ്പുള്ളിയെന്ന് പറയുമ്പോൾ...... എന്നെ കാണാൻ വരുന്ന സമയത്ത് ഈ ബിജു രാധാകൃഷ്ണൻ പിടികിട്ടാപ്പുള്ളിയല്ലായിരുന്നു. പിടി കിട്ടാപ്പുള്ളിയായി പ്രഖ്യാപിക്കേണ്ടിയിരുന്നത് അങ്ങാണ്. അങ്ങ് അത്

ചെയ്തില്ല. ഈ ലിസ്റ്റ് എന്റെ കയ്യിലുണ്ട്. ഞാൻ ഇത് എടുക്കാനിരുന്നതല്ല. പക്ഷേ അങ്ങുതന്നെ ഈ ചോദ്യം ...............(ബഹളം).......... അങ്ങുതന്നെ ഈ ചോദ്യം ചോദിച്ച സാഹചര്യത്തിൽ..........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കഴിഞ്ഞ ഗവൺമെന്റിനുമെതിരായിട്ടും ആരോപണമുന്നയിച്ച സാഹചര്യത്തിൽ ഇതുസംബന്ധിച്ചുമെല്ലാം ഒരു ജുഡീഷ്യൽ അന്വേഷണം നടത്തിക്കൂടേ? അന്നത്തെക്കാലത്ത് ഞങ്ങൾ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ഞങ്ങളെ ശിക്ഷിച്ചോളൂ, ഞങ്ങളാണ് കുറ്റക്കാരെങ്കിൽ ഞങ്ങളെ ശിക്ഷിക്കൂ. ഒരു ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറുണ്ടോ? ...............(ബഹളം)..........

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അന്ന് പിടികിട്ടാപ്പുള്ളിയല്ല. അങ്ങ് ചോദിച്ചതുകൊണ്ട് പറഞ്ഞതാണ്. അന്ന് വന്നുകണ്ട് സംസാരിച്ചു. പക്ഷെ ബിസിനസ് കാര്യങ്ങളൊന്നുമല്ല സംസാരിച്ചത്. അവരുടെ ചില കുടുംബ കാര്യങ്ങൾ സംസാരിച്ചു. അതിനുശേഷം പോയി. ശ്രീ. മാത്യു റ്റി. തോമസ് പറഞ്ഞ മറ്റൊരു കാര്യം..........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, താങ്കളെ എറണാകുളം ഗസ്റ്റ് ഹൗസിൽക്കണ്ട് സംസാരിച്ച സന്ദർഭത്തിൽ, ശ്രീ. പി. സി. ജോർജ് നാലാം തീയതി പറയുന്നതിന് മുമ്പാണോ താങ്കളെ കണ്ടത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അന്ന് ഇതിനെക്കുറിച്ചോ, ഇതിന്റെ സാമ്പത്തിക ഇടപാടുകളെക്കുറിച്ചോ ഒന്നുമല്ല സംസാരിച്ചത്. അവരുടെ കുടുംബപരമായ കാര്യങ്ങൾ മാത്രമാണ് സംസാരിച്ചത്. ...............(ബഹളം).......... ശ്രീ. മാത്യു റ്റി. തോമസ് ...............(ബഹളം).......... അങ്ങനെയൊന്നും പറഞ്ഞിട്ട് കാര്യമൊന്നുമില്ല. ...............(ബഹളം)..........

മി. സ്പീക്കർ: പ്ലീസ്.......... പ്ലീസ്.........

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാനില്ല.

മി. സ്പീക്കർ: നിങ്ങൾ മുഖ്യമന്ത്രിയുടെ ഓരോ വാചകത്തിലും ബഹളമുണ്ടാക്കിയാൽ അദ്ദേഹത്തിന് പറഞ്ഞുതീർക്കാൻ സാധിക്കുകയില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ കമ്പനിക്കുവേണ്ടി ഈ ഗവൺമെന്റ് യാതൊരു ആനുകൂല്യവും കൊടുത്തിട്ടില്ല. ക്ലിഫ് ഹൗസിൽ സോളാർ പാനൽ വച്ചത് ടീം സോളാർ കമ്പനിയാണെന്ന് പറഞ്ഞു, അല്ല. ഗവൺമെന്റിന്റെ ഔദ്യോഗികമായിട്ടുള്ള സംവിധാനം അനെർട്ടാണ്. അനെർട്ട് വന്ന് ടെൻഡർ ചെയ്ത് എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് അഞ്ചുവർഷത്തെ ഗ്യാരന്റി യോടുകൂടി...... പേമെന്റുപോലും മുഴുവൻ കൊടുത്തിട്ടില്ല. അഞ്ചുവർഷം കൊണ്ടേ പേമെന്റുപോലും കൊടുത്തുത്തീർക്കേണ്ടതുള്ളൂ. ആ വ്യവസ്ഥയി ലാണ് ചെയ്തിട്ടുള്ളത്. ഈ ഗവൺമെന്റ് ഈ കമ്പനിക്കുവേണ്ടി ഒരു ആനുകൂല്യവും ഒരു സൗജന്യവും ചെയ്തുകൊടുത്തിട്ടില്ല. നിയമവിരുദ്ധ മായി നടന്നിട്ടുള്ള കാര്യങ്ങളെല്ലാം നിയമത്തിനുമുമ്പിൽ വരും. .............. (ബഹളം) .......... പോലീസ് കസ്റ്റഡിയിലുള്ള പ്രതി ടെലിഫോണിൽ സംസാരി ച്ചുവെന്നുള്ളതാണ് ശ്രീ. മാത്യു റ്റി. തോമസ് ഉന്നയിച്ച മറ്റൊരു കാര്യം. അതിനെക്കുറിച്ചുള്ള വിശദീകരണം നേരത്തെതന്നെ വന്നിരുന്നു. ഈ കേസ് ഏറ്റവും ഫലപ്രദമായി അന്വേഷിച്ച ഡിവൈ.എസ്.പി. പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുന്ന സമയത്ത് അദ്ദേഹത്തിന് ഈ കേസുമായി ബന്ധപ്പെട്ട ഒരു കാര്യത്തെക്കുറിച്ച് ഒരു സംശയം വന്നു. ..............(ബഹളം).......... ആ സംശയം ദൂരീകരിക്കാൻ അവരുടെ കൂടെയുണ്ടാ യിരുന്ന പോലീസ് ഉദ്യോഗസ്ഥനെ വിളിച്ച് ഇവരുമായി കണക്ട് ചെയ്യണമെന്ന് പറഞ്ഞു. നിയമനാസൃതം ഒരു ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർക്ക് ഏതുസമയത്തും കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട

കാര്യങ്ങൾ അന്വേഷിക്കാനും അത് ദൂരീകരിക്കാനുമുള്ള അവകാശമുണ്ട്. നിയമാനുസൃതം മാത്രമാണ് ആ ഡിവൈ.എസ്.പി. പ്രവർത്തിച്ചത്. ആ ഡിവൈ.എസ്.പി. ഏറ്റവും നല്ല നിലയിലാണ് ഈ കേസ് അന്വേഷിച്ച് ...............(ബഹളം).......... അതിന്റെ പ്രതികളെ കണ്ടെത്തുന്ന കാര്യത്തിൽ ഏറ്റവും ഫലപ്രദമായ രീതിയിലുള്ള നടപടികൾ സ്വീകരിച്ചത്. എന്റെ ഓഫീസ്, അവിടെ വന്നിട്ടുള്ള എല്ലാവർക്കും അറിയാം. അവിടെ ഒരു മുഖ്യമന്ത്രിയുടെ ഓഫീസിലുള്ള നിയന്ത്രണങ്ങളോ കർശനമായ വ്യവസ്ഥകളോ ഒന്നുമില്ല. ഞാൻ കണ്ടിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം, ...............(ബഹളം).......... നിങ്ങളൊക്കെ വന്നുകണ്ട് ബോധ്യപ്പെട്ടിട്ടുള്ള കാര്യമാണ്. ആർക്കും പ്രാപ്യമായിരിക്കണം, മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ ഓഫീസും. ആർക്കും അവരുടെ കാര്യങ്ങളുമായി വരാൻ പ്രാപ്യമായിരി ക്കണമെന്ന നിലയിലുള്ള ഒരു നിലപാടാണ് ഞാൻ സ്വീകരിച്ചിട്ടുള്ളത്. അത് ചിലർ മിസ് യൂസ് ചെയ്തു. ...............(ബഹളം)..........

മി. സ്പീക്കർ: മിസ്‌യൂസ് ചെയ്തുവെന്ന് സി.എം. സമ്മതിക്കുകയല്ലേ. അതിന് എന്തിനാണ് നിങ്ങൾ പരിഹസിക്കുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത് മിസ്‌യൂസ് ചെയ്തുവെന്ന് എന്റെ ശ്രദ്ധയിൽവരുമ്പോൾ, അപ്പോൾത്തന്നെ അത് തിരുത്താനും അതിന്റെ ഉത്തര വാദികളുടെ പേരിൽ നടപടിയെടുക്കാനും ഞാൻ എന്നും ശുഷ്ക്കാന്തി കാണിച്ചിട്ടുണ്ട്. ഇപ്പോൾ ഞാൻ മുഖ്യമന്ത്രിയായപ്പോൾ മാത്രമല്ല, അതിനു മുമ്പ് മുഖ്യമന്ത്രിയായപ്പോഴും ധനകാര്യ വകുപ്പുമന്ത്രിയായപ്പോഴും മന്ത്രിയായിരുന്നപ്പോഴുമൊക്കെ ഞാൻ സ്വീകരിച്ചിട്ടുള്ള സമീപനം ഇതാണ്. ...............(ബഹളം).......... അത് പറയാം. ...............(ബഹളം)..........

മി. സ്പീക്കർ: പ്ലീസ്........ മുഖ്യമന്ത്രി...... പ്ലീസ്.... പ്ലീസ്..... പ്ലീസ്.... .......... (ബഹളം)..........പ്ലീസ്.....പ്ലീസ്.......(ബഹളം)......പ്ലീസ്........പ്ലീസ്............. (ബഹളം) .....പ്ലീസ്... പ്ലീസ്........(ബഹളം)..........നിങ്ങൾ അടിയന്തരപ്രമേയത്തിനുള്ള നോട്ടീസ് കൊടുത്തിരിക്കുന്നു. മുഖ്യമന്ത്രി സംസാരിക്കുന്നു. ഇടയ്ക്കിടയ്ക്ക് ഓരോരോ ചോദ്യങ്ങൾ ചോദിച്ചാൽ എല്ലാത്തിനും മുഖ്യമന്ത്രിക്ക് മറുപടി പറയാൻ സാധിക്കുമോ; അത് എങ്ങനെയാണ് സാധിക്കുന്നത്? നിങ്ങൾ ഇരിക്കൂ. അത് സംസാരിക്കാൻ അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തിട്ടുള്ള ബഹുമാനപ്പെട്ട അംഗം മാത്യു റ്റി. തോമസുണ്ടല്ലോ. ...............(ബഹളം).......... യെസ്..... പ്ലീസ്........ പ്ലീസ്.......... നിങ്ങൾക്കെല്ലാവർക്കും സംസാരിക്കാൻ പറ്റില്ല. അതിന് കുറേ നടപടിക്രമങ്ങളുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങനെയുള്ള ഒരു സമീപനമാണ് ഞാൻ കഴിഞ്ഞ കാലങ്ങളിലെല്ലാം സ്വീകരിച്ചിട്ടുള്ളത്. ചിലപ്പോഴൊക്കെ അതിന് തിരിച്ചടിയുണ്ടായിട്ടുണ്ട്. ഞാൻ സമ്മതിക്കുന്നു. പക്ഷേ, എന്നാലും അതിന്റെ പേരിൽ ജനങ്ങളിൽനിന്നും അകന്നുനിൽക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ ആ നിമിഷം അത് തിരുത്തും. അത് കറക്ട് ചെയ്യും, അതിന് നടപടിയെടുക്കും, യാതൊരു വൈഷമ്യവും അക്കാര്യത്തിലില്ല. ഞാൻ ചോദിക്കട്ടെ, ഈ കേസിന്റെ കാര്യത്തിൽ നിങ്ങൾ ഇത്രയധികം ആക്ഷേപങ്ങളുന്നയിച്ചു. നിങ്ങൾക്ക് ഈ കേസന്വേഷണത്തെക്കുറിച്ച് എന്തെങ്കിലും പരാതിയുണ്ടോ; ഉണ്ടെങ്കിൽ പറയൂ.

ശ്രീ. സി. ദിവാകരൻ: സർ, ......(മൈക്ക് ഓഫ്)

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പതിനാല് കേസെടുത്തിട്ട് ഒരു നടപടിയും എടുക്കാത്ത ആളിന്റെ അടുത്തിരുന്നാണ് പരാതിയുണ്ടെന്ന് അങ്ങ് പറയുന്നത്. ഇന്ന് എടുത്തിട്ടുള്ള ഓരോ കേസും ജനങ്ങളെ കബളിപ്പിച്ച

കേസുകളാണ്. ഗവൺമെന്റിന് ഇതിനകത്ത് ഒരു പൈസയും നഷ്ടമുണ്ടായിട്ടില്ല. പക്ഷേ, ജനങ്ങൾക്കുണ്ടായിട്ടുണ്ട്. ഗവൺമെന്റ് അത് അതീവ ഗൗരവമായിട്ടാണ് കാണുന്നത്. ഞാൻ ഈ സഭയ്ക്ക് വീണ്ടും ഉറപ്പുനൽകുന്നു, കുറ്റം ചെയ്ത ഒരാളെപ്പോലും രക്ഷപ്പെടാൻ ഞങ്ങൾ അനുവദിക്കില്ല.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തുന്ന എല്ലാ പ്രസ്താവനകളും അന്വേഷണത്തെ സ്വാധീനിക്കാൻ വേണ്ടിയാണ്, അന്വേഷണ ഉദ്യോഗസ്ഥന്മാർ ഗ്യാലറിയിലിരിക്കുകയാണ്, അവരെ സ്വാധീനിക്കാൻ വേണ്ടിയാണ് ഇത് പറയുന്നത്. ജുഡീഷ്യൽ അന്വേഷണത്തെ എന്തിനാണ് ഭയക്കുന്നത്. ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറുണ്ടോ? ഇപ്പോൾ നിറുത്താം, ഞങ്ങളും സഹകരിക്കാം. ഞങ്ങളുടെ കാര്യവും അന്വേഷിച്ചുകൊള്ളൂ, ആരുണ്ടെങ്കിലും അന്വേഷിക്കാം. അങ്ങോട്ടുമിങ്ങോട്ടും ആരോപണം പറഞ്ഞ് തടിതപ്പാൻ നോക്കേണ്ടതില്ല. ജുഡീഷ്യൽ എൻക്വയറിയല്ലാതെ ഇതിന് വേറെ മാർഗ്ഗമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഏതായാലും അങ്ങോട്ടുകൂടി ആരോപണമുണ്ടെന്ന് അങ്ങ് സമ്മതിച്ചു. കുറ്റവാളികളെ രക്ഷിക്കുമെന്നല്ലല്ലോ ഞാൻ പറഞ്ഞത്. കുറ്റം ചെയ്ത ഒരാളെപ്പോലും രക്ഷപ്പെടാൻ അനുവദിക്കില്ലെന്നു പറഞ്ഞാൽ ഇവിടെയിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് അതിൽനിന്നും എന്തു മെസ്സേജാണ് കിട്ടുന്നത്? അതൊന്ന് പറയൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഭരണത്തലവനായിട്ടുള്ള അങ്ങേയ്ക്കെതിരായിട്ടുള്ള ആരോപണത്തെക്കുറിച്ച് അന്വേഷിക്കാൻ ഒരു എ.ഡി.ജി.പി.ക്ക് സാധിക്കുമോ; ഒരു എ.ഡി.ജി.പി.ക്ക് മുഖ്യമന്ത്രിയെ ക്വസ്റ്റ്യൻ ചെയ്യാൻ സാധിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ എന്തൊക്കെ നടന്നു, അതുപോലെ തന്നെയാണ് ഇപ്പോഴും. ടോട്ടൽ ഫോർ യു തട്ടിപ്പിൽ ആർക്കൊക്കെ എതിരായിട്ടാണ് ഇവിടെ ആരോപണങ്ങൾ വന്നത്. അറിയാമോ? എന്നിട്ട് അതിന് ജുഡീഷ്യൽ അന്വേഷണമാണോ നിങ്ങൾ നടത്തിയത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അന്ന് അങ്ങനെയൊരു ആവശ്യം നിങ്ങൾ ഉന്നയിച്ചിട്ടില്ലല്ലോ. ഒരു കാര്യം ചെയ്യാം. ആ കേസുൾപ്പെടെ ഒരു ജുഡീഷ്യൽ അന്വേഷണത്തിന് വയ്ക്കാം. ഇപ്പോൾ അധികാരം നിങ്ങളുടെ കയ്യിലല്ലേ. ഇമ്മാതിരി കുടുക്കുവിദ്യ കാണിച്ചൊന്നും ഇങ്ങോട്ടു ഭയപ്പെടുത്തരുത്. മിസ്റ്റർ ഉമ്മൻചാണ്ടി, ഇതൊന്നും ഇങ്ങോട്ട് പ്രയോഗിക്കേണ്ടതില്ല. വീണിടത്തു കിടന്ന് ഉരുളണ്ടാ. അതുകൊണ്ട് നമുക്കൊരു കാര്യം ചെയ്യാം. ടോട്ടൽ ഫോർ യു തട്ടിപ്പ് കേസും ഈ കേസുമുൾപ്പെടെ എല്ലാം ഒരു ജുഡീഷ്യൽ അന്വേഷണത്തിന് വിധേയമാക്കാം. ഒരു സിറ്റിംഗ് ജഡ്ജിയെ വച്ച് അന്വേഷിക്കാൻ നിങ്ങൾ തയ്യാറുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഒരു മൂന്നുകൊല്ലം മുമ്പ് അങ്ങേയ്ക്ക് ഈ ബോധോദയം ഉണ്ടായിരുന്നെങ്കിൽ കൊള്ളാമായിരുന്നു. ഇന്ന് ഞങ്ങൾ തീരുമാനിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അന്ന് നിങ്ങൾ ഈ ആവശ്യം ഉന്നയിച്ചിരുന്നെങ്കിൽ തീർച്ചയായും സ്വീകരിക്കുമായിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: അന്ന് ഞങ്ങൾ ഉന്നയിച്ചതാണ്. നിങ്ങൾ അതിനെയൊക്കെ പുച്ഛിച്ചുതള്ളിക്കൊണ്ട് മുമ്പോട്ടുപോകുകയാണ് ചെയ്തത്. ഞാൻ ഈ സഭയ്ക്ക് വീണ്ടും ഉറപ്പുനൽകുന്നു. ഇവിടെ നീതിപൂർവ്വമായി മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളൂ. .....(ബഹളം).....

മി. സ്പീക്കർ: യെസ്... യെസ്....

ശ്രീ. ഉമ്മൻ ചാണ്ടി: ഈ നാട്ടിലെ ജനങ്ങളെ വഞ്ചിച്ച ഒരാളുപോലും രക്ഷപ്പെടില്ല എന്നുമാത്രമല്ല നിങ്ങളുടെ കാലത്തെടുത്ത പതിനാലു കേസ്സുകളിലും ശക്തമായ നടപടിയുണ്ടാകുമെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഞാൻ അങ്ങേയ്ക്കുവേണ്ടി പറയുകയാണ്. അന്നെടുത്ത പതിനാല് കേസിലും ഞങ്ങൾ നടപടിയുമായി മുന്നോട്ടുപോകും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞങ്ങൾ ആരെങ്കിലും നിയമവിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതുംകൂടി അന്വേഷിച്ച് ഞങ്ങളെയുംകൂടി ശിക്ഷിക്കാനുള്ള ഒരു അവസരമുണ്ടാക്കൂ. അതിനുവേണ്ടി ഒരു സിറ്റിംഗ് ജഡ്ജിയെ വച്ച് അന്വേഷിക്കാൻ തയ്യാറുണ്ടോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ..... (ബഹളം).......

മി. സ്പീക്കർ: എന്താണ്? ........(ബഹളം)........ നിങ്ങളും എഴുന്നേറ്റല്ലോ. ശ്രീ. സി. ദിവാകരൻ എഴുന്നേറ്റില്ലേ........(ബഹളം)........ എല്ലാവർക്കും എഴുന്നേൽക്കാം. ........(ബഹളം)........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അവിടെ നിന്ന് പല പ്രാവശ്യമായി ഇന്റർഫിയർ ചെയ്തതുകൊണ്ടും അങ്ങനെ കീഴ്വഴക്കമില്ലാതിരുന്നിട്ടുപോലും അവർക്ക് എല്ലാ സൗകര്യങ്ങളും കിട്ടിയിട്ടും എന്റെ വകുപ്പിനെ സംബന്ധിച്ച ഒരു ക്ലാരിഫിക്കേഷനുവേണ്ടി ...........(ബഹളം)......

മി. സ്പീക്കർ: നോ, നോ.... നിങ്ങളെല്ലാവരും സംസാരിച്ചില്ലേ. അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരിക്കുന്നത് ശ്രീ. മാത്യൂ റ്റി. തോമസാണ്. ഇതിനിടയിൽ ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. സി. ദിവാകരനും ഇടപെട്ടു. അത്

സാധാരണ പതിവല്ല. അത്രയേയുള്ളൂ. ....(ബഹളം)...... യെസ്... യെസ്.... അങ്ങനെയല്ല. നിയമങ്ങൾ എല്ലാവർക്കും... ....(ബഹളം)...... യെസ്, മുഖ്യമന്ത്രി അങ്ങ് പറഞ്ഞോളൂ. ഞാൻ ഒരു കാര്യം പറയാം. മുഖ്യമന്ത്രി സംസാരിക്കുമ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. സി. ദിവാകരനും എഴുന്നേറ്റു. സാധാരണ അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന അംഗം പറഞ്ഞുകഴിഞ്ഞല്ലേ പറയുന്നത്. ഇടയ്ക്കിടയ്ക്ക് ഓരോരുത്തരും എഴുന്നേറ്റപ്പോഴും ചെയർ സമ്മതിച്ചു.

<u>ശ്രീ. സി. ദിവാകരൻ:</u> ഇത് സാധാരണ വിഷയമല്ല.

<u>മി. സ്പീക്കർ:</u> അതുകൊണ്ട് ആഭ്യന്തര വകുപ്പുമന്ത്രിക്ക് എഴുന്നേറ്റുകൂടേ? യെസ്... ഞാൻ അതുകൊണ്ടാണ് ആഭ്യന്തര വകുപ്പുമന്ത്രിയെ വിളിച്ചത്. ....(ബഹളം).... ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, സി.എം. പറഞ്ഞുകഴിഞ്ഞ്...... യെസ്...

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, പ്രതിപക്ഷം ഞാൻ രാജിവയ്ക്കണമെന്ന് ആവശ്യപ്പെടുന്നത് ആദ്യമല്ല. ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ കുടുംബപ്രശ്നം വന്നപ്പോഴും ശ്രീ. പി. സി. ജോർജ് ഒരു സ്റ്റേറ്റ്മെന്റിറക്കിയാലുമെല്ലാം രാജി വയ്ക്കാൻ പറയുന്നതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രതിപക്ഷം നിരവധി സമരങ്ങൾ നടത്തി. അതെല്ലാം പരാജയപ്പെട്ടപ്പോൾ അതുകഴിഞ്ഞതിനുശേഷം വീണ്ടും ഒരു വാദവുമായി വന്നിരിക്കുകയാണ്. ഞാൻ ഒരു കാര്യം വീണ്ടും ഉറപ്പുപറയുന്നു. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ ബലികഴിച്ചുകൊണ്ട് അതിനൊരു പോറൽപോലും എൽപ്പിച്ചുകൊണ്ട് ഞാൻ ഈ കസേരയിൽ ഒരു ദിവസം പോലുമിരിക്കില്ല. അതുവരെ തുടരും.

<u>മി. സ്പീക്കർ:</u> ഒരു വാചകം ഒന്നുപറഞ്ഞോട്ടെ, പ്ലീസ്.. ജനാധിപത്യപ്രക്രിയയിൽ നമ്മളെല്ലാം വരികയും പോകുകയും ചെയ്യും. സ്ഥിരമായി

തുടരുന്നത് ഉദ്യോഗസ്ഥ സംവിധാനമാണ്. ഭരണകക്ഷിയിൽ നിന്നാണെങ്കിലും പ്രതിപക്ഷത്തുനിന്നാണെങ്കിലും സഭ കൂടുമ്പോഴെല്ലാം ഉദ്യോഗസ്ഥ ഗ്യാലറിയിൽ ടോപ്പ് ഒഫിഷ്യൽസ് വരാറുണ്ട്. നമ്മുടെ സൗകര്യത്തിനനുസരിച്ച് ചർച്ചകൾ മാറ്റുന്നത് ആ സിസ്റ്റത്തിനെതിരായിരിക്കുമെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. മാത്യു ടി. തോമസ്: ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷൻ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉത്തരം ഈ പ്രശ്നത്തിന്റെ ദുരൂഹത വർദ്ധിപ്പിക്കാൻ മാത്രമേ ഉപകരിച്ചിട്ടുള്ളൂ എന്ന് വളരെ വ്യക്തമായിക്കഴിഞ്ഞിരിക്കുകയാണ്. അടിയന്തരപ്രമേയ നോട്ടീസിൽ ഒട്ടേറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. 27 മിനിട്ട് സമയമെടുത്താണ് മുഖ്യമന്ത്രി മറുപടി പറഞ്ഞത്. പക്ഷേ, അടിയന്തര പ്രമേയത്തിന്റെ നോട്ടീസിൽ അതുമായി ബന്ധപ്പെട്ട് പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾക്കൊന്നും മറുപടി പറയാൻ അദ്ദേഹം തയ്യാറായിട്ടില്ല. ബിജു രാധാകൃഷ്ണൻ നൽകിയ 25 ലക്ഷം രൂപയുടെ ചെക്ക് മടങ്ങിയതിന് കേസെടുത്തിട്ടുണ്ടോ? എഷ്യാനെറ്റ് ചാനലിന്റെ റിപ്പോർട്ടറുമായി ചാനലിൽ ഒരു മണിക്കൂറിലധികം സംസാരിച്ച പ്രതി ബിജു രാധാകൃഷ്ണനെ ടവറിലെ കണക്ഷൻ ഉപയോഗിച്ചുകൊണ്ട് കണ്ടെത്തി അറസ്റ്റ് ചെയ്യാൻ എന്തെങ്കിലും ശ്രമം നടത്തിയിട്ടുണ്ടോ? ഇതിനെ സംബന്ധിച്ച് പരിപൂർണ്ണമായി നിശ്ശബ്ദത പാലിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 27 മിനിട്ട് സംസാരിച്ചത്. ഒന്നാമത്തെ വിഷയം, വളരെ ഗൗരവമായ ഒരു വിഷയം സഭയിലുന്നയിക്കാൻവേണ്ടി നോട്ടീസ് നൽകിയാൽ എപ്പോഴും മുഖ്യമന്ത്രി എടുക്കുന്ന ഒരു തന്ത്രം, ചെറിയ ദുസ്സൂചനകൾ പ്രതിപക്ഷത്തിനെതിരെ പറഞ്ഞുകൊണ്ട് അതൊരു പ്രതിരോധമാക്കി മാറ്റുന്നതാണ്. ഇതൊരു ശരിയായ നടപടിയല്ല.

ഇപ്പോഴത്തെ ഗവൺമെന്റ് എടുക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കുമ്പോൾ പണ്ടത്തെ കാര്യം പറയുകയാണ്. തികഞ്ഞ ആർജ്ജവത്തോടുകൂടി തന്നെ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി അതുസംബന്ധിച്ച് അന്വേഷണം നടത്താൻ പറഞ്ഞു. കേരളത്തിന്റെ മുഖ്യമന്ത്രി പ്രത്യാക്രമണം നടത്തിക്കൊണ്ട് പ്രതിരോധം സൃഷ്ടിക്കാൻ പാടില്ല. പറയുന്ന കാര്യങ്ങൾക്ക് മറുപടി പറയേണ്ട ആളാണ്. .........(ബഹളം)...........

<u>മി. സ്പീക്കർ:</u> പ്ലീസ്, പ്ലീസ് .... അടിയന്തരപ്രമേയം അദ്ദേഹം അവതരിപ്പിക്കട്ടെ. .........(ബഹളം)...........

<u>ശ്രീ. മാത്യു റ്റി. തോമസ്:</u> സർ, കഴിഞ്ഞ വ്യാഴാഴ്ചയ്ക്കും വെള്ളിയാഴ്ചയ്ക്കും ശേഷവും പ്രതിപക്ഷം പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്നു എന്നാണ് മുഖ്യമന്ത്രി പറയാൻ ശ്രമിച്ചത്. പുകമറയല്ല, കേരളത്തിന്റെ ധാർമ്മികതയുടെമേൽ ഒരു കരിനിഴലാണ് ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്നത്. ആ കരിനിഴൽ വീഴ്ത്തിയത് ഞങ്ങളാരുമല്ല. കേരളം ഇന്നേവരെ ദർശിച്ചിട്ടില്ലാത്ത അതീവഗുരുതരമായ ഭരണഘടനാ പ്രതിസന്ധിയാണ് സംജാതമായിരിക്കുന്നത്. .......(ബഹളം)......ഭരണകക്ഷി അംഗങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് ഭരണഘടനയും വായിക്കാം. നിയമവാഴ്ച ഇത്രമാത്രം തകർന്ന ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. ധാർമ്മികമായ ഒരു പ്രതിസന്ധിയിൽകൂടിയാണ് ഇപ്പോൾ കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ആരാണ് ഈ സരിത എസ്. നായരും, ബിജു രാധാകൃഷ്ണനും? ഇവർ ക്രിമിനലുകളല്ലേ? അവരുടെ പൂർവ്വകാല ചരിത്രമെന്താണ്? നിയമസഭയിൽ വന്ന് മറുപടി പറയാൻ കഴിയാത്ത ആളുകളെ സംബന്ധിച്ച് ഒരു പരിധിക്കപ്പുറത്തേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ശ്രീമതി സരിതയുടെ ആദ്യ ഭർത്താവ് ഉപേക്ഷിച്ചു, കാരണങ്ങൾ ഞാൻ പറയുന്നില്ല. ശ്രീ. ബിജു രാധാകൃഷ്ണന്റെ

ആദ്യ ഭാര്യ കൊലചെയ്യപ്പെട്ടു. ആ കൊലക്കേസിൽ പ്രതിയാണ് ശ്രീ. ബിജു രാധാകൃഷ്ണൻ. സോളാർ പാനൽ കമ്പനിയുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപയുടെ തട്ടിപ്പുകേസിലെ പ്രതിയാണ് ശ്രീമതി സരിത എസ്. നായർ. അറിയപ്പെടുന്ന കൊലക്കേസ്സ് പ്രതിയും പിടിക്കിട്ടാപ്പുള്ളിയുമാണ് ശ്രീ. ബിജു രാധാകൃഷ്ണൻ. അങ്ങനെയുള്ള ശ്രീ. ബിജു രാധാകൃഷ്ണനുമായി മുഖ്യമന്ത്രി ഒരു മണിക്കൂർ നേരം ഗസ്റ്റ് ഹൗസിൽ ചർച്ച ചെയ്തിരിക്കുന്നു. മുഖ്യമന്ത്രി നിഷേധിച്ചിട്ടില്ലല്ലോ? ഒരു മണിക്കൂർ നേരം ചർച്ച ചെയ്യാൻ വേണ്ടി അവസരം ഒരുക്കിക്കൊടുത്തത് ശ്രീ. ഷാനവാസ് എം.പി., കോൺഗ്രസ്സിന്റെ ഒരു നേതാവ്. പിടിക്കിട്ടാപ്പുള്ളിയുമായി സർക്കാരിന്റെ അതിഥി മന്ദിരത്തിൽ ഇരുന്നുകൊണ്ട് ഒരു മണിക്കൂർ ചർച്ച ചെയ്തത് അവരുടെ കുടുംബപ്രശ്നമാണെന്നാണ് മുഖ്യമന്ത്രി ഇപ്പോൾ പറയുന്നത്. അദ്ദേഹം കുടുംബപ്രശ്നത്തിന്റെ ഒരു എക്സ്പേർട്ടായി മാറിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ ഒരംഗത്തിന് കുടുംബപ്രശ്നമുണ്ടായപ്പോൾ ഇടപെട്ടതിൽ മനസ്സിലാക്കാം. പക്ഷേ, ആ പ്രശന്ം എന്തായി? അവർ പിരിഞ്ഞു. അദ്ദേഹം ശ്രമിച്ചത് മകനെയും അച്ഛനെയും കൂടി ഒരുമിപ്പിക്കാനാണ് ഞാൻ ആ ഭാഗത്തേയ്ക്ക് കടക്കുന്നില്ല. കേരളത്തിലെ 85 ലക്ഷം കുടുംബങ്ങളുണ്ട്, ഈ കുടുംബങ്ങളിലൊക്കെ പ്രശ്നങ്ങളുണ്ടായാൽ ഓടിയെത്തി സമീപിച്ച് ഒരു മണിക്കൂർ നേരം സമയം ചെലവഴിക്കേണ്ട ആളാണോ കേരളത്തിലെ മുഖ്യമന്ത്രി? ശ്രീ. ബിജു രാധാകൃഷ്ണനും, ശ്രീമതി സരിത എസ്. നായരുമെന്നുള്ള രണ്ട് ക്രിമിനലുകളുടെ കുടുംബപ്രശ്നം പരിഹരിക്കാൻവേണ്ടി ഒരു എം.പി ഇടപെട്ട് കേരളത്തിന്റെ മുഖ്യമന്ത്രി ഒരു മണിക്കൂർ നേരം സർക്കാർ അതിഥി മന്ദിരത്തിൽ സമയം ചെലവഴിച്ചു എന്നു പറഞ്ഞാൽ, അത് വിശ്വസിക്കാൻ

ഏതെങ്കിലും xxxxxx[1] കോൺഗ്രസ്സുകാരെ കിട്ടും. ഞങ്ങളെ ആരും കിട്ടില്ല. .......(ബഹളം)......

ശ്രീ. സി. പി. മുഹമ്മദ് : പോയിന്റ് ഓഫ് ഓർഡർ....(ബഹളം)...

ശ്രീ. മാത്യൂ റ്റി. തോമസ് : അത് വിശ്വസിക്കാൻ എല്ലാ കോൺഗ്രസ്സുകാരെയും കിട്ടില്ല, ചിലരെ മാത്രമേ കിട്ടുകയുള്ളു എന്നാണ് ഉദ്ദേശിച്ചത്.

മി. സ്പീക്കർ : പക്ഷേ, അങ്ങ് പ്രയോഗിച്ച വാചകമതല്ല.

ശ്രീ. മാത്യു റ്റി. തോമസ് : ഞാൻ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ : പിൻവലിച്ചു.

ശ്രീ. മാത്യു റ്റി. തോമസ്സ്: അതാണ് ശ്രീ. ബിജു രാധാകൃഷ്ണനുമായും കൂടിക്കാഴ്ച. ശ്രീമതി സരിത എസ്. നായരുമായിട്ടുള്ള കൂടിക്കാഴ്ച എന്താണ്? മുഖ്യമന്ത്രി ചില കാര്യങ്ങളൊക്കെ പറഞ്ഞുവയ്ക്കാൻ ശ്രമിച്ചു. ഡൽഹി വിജ്ഞാൻ ഭവനിൽവച്ച് അതീവ സുരക്ഷയുള്ള മേഖലയിൽവച്ച് ശ്രീമതി സരിത എസ്. നായരുമായി സംഭാഷണം നടത്തിയെന്നു പറഞ്ഞത് ശ്രീ. തോമസ് കുരുവിളയാണ്. ശ്രീ. തോമസ് കുരുവിള ആരാണെന്ന് അദ്ദേഹം ഇതുവരെ പറഞ്ഞിട്ടില്ല. ഡൽഹിയിൽ ഇദ്ദേഹം 204-ാമത്തെ മുറി എടുക്കുമ്പോൾ 203-മത്തെ മുറി എടുക്കാനുള്ള അവകാശം ഈ തോമസ് കുരുവിളയ്ക്ക് എവിടെ നിന്ന് കിട്ടി എന്നു പറയുന്നില്ല. പക്ഷേ, ശ്രീ. തോമസ് കുരുവിള ചാനലുകാരോട് ഡൽഹി വിജ്ഞാൻ ഭവനിൽവച്ച് മുഖ്യമന്ത്രിയുമായി ചർച്ച നടത്തി എന്ന് പറയുന്നു. ശ്രീ. തോമസ് കുരുവിളയുമായിട്ടുള്ള ബന്ധം നിഷേധിച്ചിട്ടില്ല. ഞാൻ വളരെ കുറച്ചു നാൾ മന്ത്രിയായിരുന്ന ആളാണ്. ഞാൻ ഡൽഹിയിൽ ആയിരിക്കുമ്പോൾ കേന്ദ്ര മന്ത്രിസഭയിൽപ്പെട്ട

---

[1] വാക്ക് പിൻവലിച്ചു.

ഒരു മലയാളിയെക്കാണാൻ വേണ്ടി ഡൽഹി വിജ്ഞാൻ ഭവനിൽ എത്തിച്ചേരാൻ എന്നോട് ആവശ്യപ്പെട്ടു. കേരള ഹൗസിൽനിന്ന് ബീക്കൺ ലൈറ്റ് വച്ച കാറിൽ ഉദ്യോഗസ്ഥന്മാർ പോയിട്ട് എനിക്ക് ആ വിജ്ഞാൻ ഭവനിൽ കയറാൻ പറ്റിയിട്ടില്ല. അവിടെ ജയിലിൽക്കിടന്ന ഒരു ക്രിമിനൽ കേസ്സിലെ, തട്ടിപ്പുകേസ്സിലെ പ്രതി മുഖ്യമന്ത്രിയെ കാണാൻ, ഡൽഹിയിലെ വിജ്ഞാൻ ഭവനിൽ കയറി ചെല്ലാൻ അദ്ദേഹത്തിന് കഴിഞ്ഞിരിക്കുന്നു. എങ്ങനെയാണ് ശ്രീമതി സരിത എസ്. നായർക്ക് അവിടെ പ്രവേശനം കിട്ടിയത്? ഈ രണ്ടു കൂടിക്കാഴ്ചകൾ മുഖ്യമന്ത്രി സർക്കാർ അതിഥി മന്ദിരത്തിൽ വച്ച് ശ്രീ. ബിജു രാധാകൃഷ്ണനുമായും ഡൽഹി വിജ്ഞാൻ ഭവനിൽവച്ച് ശ്രീമതി സരിത എസ്. നായരുമായി നടത്തിയ കൂടിക്കാഴ്ചകൾക്ക് വേറൊരു പേരുമില്ല. അത് ക്രിമിനൽ കൂടിക്കാഴ്ചകളാണ്. കേരളത്തിൽ നടന്ന ഈ കൊടും തട്ടിപ്പുകൾക്കു മുഴുവൻ ബലം കൊടുത്തത് മുഖ്യമന്ത്രിയുമായുള്ള ഈ കൂടിക്കാഴ്ചകളാണ്. മുഖ്യമന്ത്രി കൊടുത്ത ഈ ആനുകൂല്യങ്ങളിൽ കൂടിക്കാഴ്ചകൾ, മന്ത്രിസഭയിലെ അദ്ദേഹത്തിന്റെ കൂട്ടുകാർക്ക് പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക്, ഉദ്യോഗസ്ഥന്മാർക്കൊക്കെയുള്ള ഒരു ഔദ്യോഗിക സന്ദേശമായി മാറി. മന്ത്രിസഭയിലെ നിരവധി അംഗങ്ങൾ ഈ തട്ടിപ്പു കമ്പനിയുടെ പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. നേതാക്കൾ, കേന്ദ്രമന്ത്രിസഭാംഗങ്ങൾ, പാർലമെന്റ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തിട്ടുണ്ട്. എമർജിംഗ് കേരളയിൽ കൊട്ടിഘോഷിക്കപ്പെട്ട പദ്ധതികളിൽ ഒന്നായി ഈ തട്ടിപ്പ് മാറി. ആറന്മുള വിമാനത്താവളത്തിൽ സർക്കാരിന്റെ ഓഹരി 10 ശതമാനാണ്. പുതുതായി രൂപീകരിക്കുന്ന വെള്ളക്കമ്പനിയിൽ സർക്കാരിന്റെ ഓഹരി 49 ശതമാനമാണ്. ഈ തട്ടിപ്പിൽ മുഖ്യമന്ത്രിയുടെ ഓഫീസിന്റെ ഓഹരി പങ്കാളിത്തം

എത്രയെന്നുള്ളത് ജനങ്ങൾക്കുമുമ്പിൽ വ്യക്തമാക്കേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എപ്പോഴും റിസൽട്ടിൽ വിശ്വസിക്കുന്ന ഒരാളാണ്. മുഖ്യമന്ത്രിയുടെ ഈ കൂടിക്കാഴ്ച കൊണ്ടുണ്ടായ റിസൽട്ട് എന്താണ്? മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കും തട്ടിപ്പുകാരുമായുള്ള ബന്ധങ്ങൾ കൂടുതൽ ദൃഢമാക്കാൻ മുഖ്യമന്ത്രിയുടെ ഈ കൂടിക്കാഴ്ച കാരണം സാധിച്ചു. ആ ബന്ധങ്ങൾ ഉറപ്പിക്കാൻ ശ്രീമതി സരിത എസ്. നായരും ശ്രീ. ബിജു രാധാകൃഷ്ണനും മുഖ്യമന്ത്രിയുമായി നടത്തിയ കൂടി ക്കാഴ്ച ഉപകരിക്കുകയാണ്. നിർദ്ദോഷികളായ ഉപഭോക്താക്കളിൽ തട്ടിപ്പു കാരിക്ക് ഒരു മാന്യത കൽപ്പിച്ചു കൊടുത്തു ഈ കൂടിക്കാഴ്ച. ആ കമ്പനിക്ക് ഒരു വിശ്വാസം ആർജ്ജിക്കുവാൻ തട്ടിപ്പിന് വഴിയൊരുക്കുവാൻ കഴിഞ്ഞു. ശ്രീ. സജാദിന്റെ എഫ്.ഐ.ആർ. ആണ് പെരുമ്പാവൂർ കോടതിയിൽ ഇപ്പോഴുള്ളത്. ശ്രീ. സജാദിന്റെ എഫ്.ഐ.എസ്.-ൽ പറയുന്നത് മുഖ്യമന്ത്രി യുമായി നടത്തിയ കൂടിക്കാഴ്ചയും ബന്ധവും കാരണമാണ് ശ്രീമതി സരിത എസ്. നായർ തന്നെ തട്ടിപ്പിന് വിധേയയാക്കിയത് എന്നും തട്ടിപ്പിനു മുഴുവൻ കാരണങ്ങളായത് മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ചയും കുറ്റ വാളികളും തമ്മിലുള്ള ബന്ധമാണെന്ന് വ്യക്തമായിരിക്കുകയാണ്. പോലീസിന്റെ കസ്റ്റഡിയിൽ വച്ച് ഫോൺവിളി നടന്നിരിക്കുന്നു. മുഖ്യമന്ത്രി എന്ത് വിശദീകരണം കൊടുത്താലും കസ്റ്റഡിയിലുള്ള ഒരു പ്രതി കോടതി യിൽ ഹാജരാക്കപ്പെടുമ്പോൾ എസ്.ഐ. പ്രതിക്ക് സംസാരിക്കുവാൻ ഫോൺ കൊടുക്കുന്ന ഒരു സംഭവം കേരളത്തിൽ ഇതുവരെയും നടന്നിട്ടില്ല. ടി.വി. യിൽ പ്രത്യക്ഷപ്പെട്ട പിടികിട്ടാപ്പുള്ളി മണിക്കൂറോളം ഏഷ്യനെറ്റിലെ സംസാരിച്ച ആളിനെ പിടിക്കാൻ ഒരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. ഈ വിഷയം നിയമസഭയിൽ 13-6-2012-ൽ ഉന്നയിക്കപ്പെട്ടപ്പോൾ അന്ന് കേര

ളത്തിലെ മുഖ്യമന്ത്രി പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെ മാറ്റി നിർത്താൻ തയ്യാറായിട്ടില്ല. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതെന്താണ്? തന്റെ ഓഫീസിൽ സ്വാതന്ത്ര്യങ്ങൾ ചിലർ misuse ചെയ്തു, അവർക്കെതിരെ നടപടിയെടുത്തു എന്നുമാണ്. Misuse ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ നടപടിയെടുത്തു എന്ന് മുഖ്യമന്ത്രി പറഞ്ഞോ? ശ്രീ. പി. സി. ജോർജ് രണ്ടാഴ്ച മുമ്പ് പറഞ്ഞുവെന്നാണ് ടി.വി.യിൽ പറഞ്ഞത്. എന്തായാലും ജൂൺ നാലാം തീയതിയേ പറഞ്ഞുള്ളൂവെന്ന് കരുതുക. ജൂൺ നാലാം തീയതി ഫോൺ ദുരുപയോഗം ചെയ്തപ്പോൾ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെ ഒഴിവാക്കാൻ ജൂൺ നാലാം തീയതിയെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറായോ? പത്തു ദിവസം കഴിഞ്ഞ് നിയമസഭയിൽ ഈ വിഷയം ഉണ്ടായപ്പോഴാണ് ഇവിടെ ഉന്നയിക്കുകയെങ്കിലും ചെയ്തത്. അതുകൊണ്ട് ഈ കുറ്റകൃത്യങ്ങളിൽ നേരിട്ട് ഏർപ്പെട്ട പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെ സംരക്ഷിക്കുവാനുള്ള ശ്രമങ്ങളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത്. നിവൃത്തികെട്ടാണ് 14 -ാം തീയതി രണ്ടുപേരെ ഒഴിവാക്കിയത്. ഇനിയും ഒഴിവാക്കപ്പെടുവാനുള്ള ആളുകൾ പേഴ്സണൽ സ്റ്റാഫിലില്ലേ? ശ്രീമതി സരിത എസ്. നായരുമായി നിരന്തരം പാതിരാത്രിയിൽ വിളിക്കുകയും മെസേജ് അയയ്ക്കുകയും ചെയ്യുന്ന ആളുകൾ ഇപ്പോഴും പേഴ്സണൽ സ്റ്റാഫിൽ അവശേഷിക്കുന്നില്ലേ? എന്താണ് ശ്രീ. തോമസ് കുരുവിളയെപ്പറ്റി ഇപ്പോഴും മൗനം പാലിക്കുന്നത്? ശ്രീമതി സരിത എസ്. നായരും ശ്രീ. ബിജു രാധാകൃഷ്ണനുമായും ഫോൺ വിളി നടത്തിയിരിക്കുന്നത് പേഴ്സണൽ സ്റ്റാഫല്ല മുഖ്യമന്ത്രി തന്നെയാണെന്ന് കേരളത്തിലെ ജനങ്ങൾ സംശയിക്കുന്നു. ഇവരെ കണ്ടിട്ടില്ല എന്നൊരു കേസ് മുഖ്യമന്ത്രിക്ക് ഇല്ലല്ലോ? കഴിഞ്ഞ ദിവസം നിയമസഭയിൽ ഈ വിഷയം

വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാര്യങ്ങളെല്ലാം മറച്ചുവെച്ചു. ഈ നിയമസഭ എന്ന ജനാധിപത്യ സ്ഥാപനത്തെ വിശ്വാസത്തിലെടുക്കാൻ മുഖ്യ മന്ത്രി തയ്യാറായില്ല. കാര്യങ്ങൾ ഓരോന്ന് പത്രത്തിലൂടെ പുറത്തുവന്നപ്പോൾ ഓരോന്ന് ഓരോന്നായി സമ്മതിച്ചുസമ്മതിച്ചുവരികയാണ്. അതല്ലായിരുന്നു മുഖ്യമന്ത്രി ചെയ്യേണ്ടത്. തനിക്ക് അറിയാവുന്ന കാര്യങ്ങൾ ഈ ജനാധിപത്യ സ്ഥാപനത്തിൽ പറയയേണ്ടതിനു പകരം വസ്തുതകളെ തമസ്ക്കരിച്ച് നിയമ സഭയെ വഞ്ചിക്കാൻവേണ്ടിയാണ് മുഖ്യമന്ത്രി ശ്രമം നടത്തിയത്. ഭരണാഘട നാതീതനായ ഒരു വ്യക്തി, ഡൽഹിയിൽ മുഖ്യമന്ത്രിയുടെ കാര്യങ്ങൾ നടത്തു കയാണ്. മുഖ്യമന്ത്രിക്ക് പേഴ്സണൽ സ്റ്റാഫില്ലേ? മുഖ്യമന്ത്രിക്ക് വിശ്വസി ക്കാൻ കഴിയുന്ന കോൺഗ്രസ്സുകാർ ഡൽഹിയിൽ ഇല്ലേ? അവരെ ഒന്നും വിശ്വസിക്കാതെ കോട്ടയത്തു നിന്ന് ഡൽഹിയിൽ താവളമടിച്ചിരിക്കുന്ന, കട ക്കെണിയിൽനിന്ന് കോടീശ്വരനായി മാറിയ ഒരാളാണ് മുഖ്യമന്ത്രിയുടെ സഹായിയായി അവിടെ നിൽക്കുന്നത്. എന്തെല്ലാം ഇടപാടുകൾ നടത്തിയിട്ടു ണ്ടെന്ന് അന്വേഷിക്കണം. സോളാർ പാനലുകൾ 2500 ചതുരശ്ര അടിയുള്ള എല്ലാ വീടുകൾക്കും നിർബന്ധമാക്കുന്നതിന്റെ പിന്നിൽ ഈ വ്യക്തി പ്രവർത്തിച്ചോ എന്ന കാര്യം കൂടി വ്യക്തമാക്കണം. ഈ ഗവൺമെന്റ് രണ്ട് വർഷം പിന്നിടുന്നു എന്നാണ് അഭിമാനിക്കുന്നത്. 2011 മേയ് മാസം 18-ാം തീയതി കേരളത്തിലെ മുഖ്യമന്ത്രി സത്യപ്രതിജ്ഞ ചെയ്തത് 'എന്റെ കർത്ത വ്യങ്ങൾ വിശ്വസ്തതയോടും മനസ്സാക്ഷിയെ മുൻനിർത്തിയും നിർവ്വഹിക്കു മെന്നും ഭരണഘടനയും നിയമവുമനുസരിച്ച് ഭീതിയോ പക്ഷപാതമോ പ്രീതിയോ വിദ്വേഷമോ കൂടാതെ എല്ലാത്തരത്തിലുമുള്ള ജനങ്ങൾക്ക് നീതി ചെയ്യുമെന്നും ദൈവത്തിന്റെ നാമത്തിൽ സത്യം ചെയ്യുന്നു' എന്നാണ്.

ഇതാണോ മുഖ്യമന്ത്രിയുടെ മനസ്സാക്ഷി; ഇതാണോ വിശ്വാസ്യത; ഇതാണോ പക്ഷപാതവും പ്രീതിയും വിദ്വേഷവും കൂടാതെയുള്ള പ്രവർത്തനങ്ങൾ? മുഖ്യമന്ത്രി ഇവിടെ ഭരണഘടനാലംഘനം നടത്തിയിരിക്കുകയാണ്. കൊടുംക്രിമിനലുകൾക്ക് തട്ടിപ്പ് നടത്താൻ കാരണമാക്കിയ ഇല്ലാത്ത വ്യവസായ സംരംഭത്തിന് മാന്യത കൽപ്പിച്ചുനൽകുവാൻ കേരളത്തിലെ മുഖ്യമന്ത്രി കൂട്ടുനിന്നു. തട്ടിപ്പുകാരുമായുള്ള മുഖ്യമന്ത്രിയുടെ ഓഫീസിനുള്ള ഗാഢബന്ധത്തെപ്പറ്റി മന്ത്രിപദവിയുള്ള ചീഫ് വിപ്പ് മുന്നറിയിപ്പ് നൽകിയിട്ടും അത് അവഗണിച്ചു. പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ ഫോണിലേക്കും തിരിച്ചും സമയത്തും അസമയത്തും ഫോൺവിളികളും എസ്.എം.എസ് സന്ദേശങ്ങളും പോകുകയും വരികയും ചെയ്തപ്പോൾ മുഖ്യമന്ത്രി മൗനം പാലിച്ചില്ലേ; മുഖ്യമന്ത്രിയെ മന്ത്രിസഭയിലെ സഹപ്രവർത്തകരും എം.എൽ.എ.-മാരും നേതാക്കളും വിളിക്കുന്ന അതേ നമ്പരുകളിൽനിന്നുതന്നെയാണ് ഈ ഫോൺ വിളികൾ എന്നത് ഇതിന്റെ ദുരൂഹത വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇവിടെയുള്ള പ്രശ്നം, അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്ന പോലീസിന്റെ കയ്യിൽ ഒരു വീഡിയോ ടേപ്പ് ലഭിച്ചു. ആ വീഡിയോ ടേപ്പ് എന്തുചെയ്തു? ഇന്നത്തെ പത്രങ്ങൾ പറയുന്നത് ശ്രീമതി സരിതയുടെ രഹസ്യങ്ങൾ നിറഞ്ഞ ലാപ്ടോപ്പും മൊബൈലും ഉന്നത പോലീസുദ്യോഗസ്ഥൻ മുക്കി എന്നാണ്. മുക്കിയില്ലെങ്കിൽ എന്തുസംഭവിക്കും; അതുമായി ബന്ധപ്പെട്ട പല ഉന്നത നേതാക്കന്മാരുടേയും ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ പുറത്തുവരും. ആരുടേതൊക്കെയാണെന്ന് പറയാൻ ഞങ്ങൾക്ക് അറിയില്ല. ഇത് പറയുമ്പോൾ ഇവിടെയും ഉണ്ടെന്ന് പറയും. ഇവിടെയുണ്ടെങ്കിൽ ആ ലാപ്ടോപ്പിലെയും മൊബൈൽ ഫോണിലെയും ദൃശ്യങ്ങൾ പുറത്തുവിടുകയാണ് വേണ്ടത്, അവരുടെ പൊതുപ്രവർത്തനം അവസാനിപ്പിക്കണം. ഇത്തരം തട്ടി

പ്പുകൾക്ക് അധാർമ്മികമായി ഒത്താശ ചെയ്തുകൊടുക്കുന്ന ഒരു പൊതുപ്രവർത്തകനും നമ്മുടെ സംസ്ഥാനത്ത് വേണ്ട. അത് അവസാനിപ്പിക്കാൻ നമുക്ക് കഴിയണം. അന്വേഷണം നേരായ മാർഗ്ഗത്തിലാണോ നടക്കുന്നത്; ശ്രീ. സെൻകുമാർ പ്രഥമ റിപ്പോർട്ട് നൽകി. എന്നാൽ ഇപ്പോൾ അന്വേഷണം നടത്തുന്നത് ശ്രീ. ഹേമചന്ദ്രനാണ്. പ്രഥമ റിപ്പോർട്ട് നൽകിയ ശ്രീ. സെൻകുമാറിനെ എന്തിന് അന്വേഷണത്തിൽനിന്നു മാറ്റി; ശ്രീ. ഹേമചന്ദ്രനായതുകൊണ്ട് എതിർക്കുകയല്ല. ഭരണ സംവിധാന ത്തിന്റെ അധിപനേയും അദ്ദേഹത്തിന്റെ സഹായികളേയും ചുറ്റിപ്പറ്റിയുള്ള ഒരു തട്ടിപ്പ് സംരംഭത്തിന്റെ വാർത്ത അന്വേഷിക്കേണ്ടത് ഭരണസംവിധാന ത്തിന്റെ കീഴിലുള്ള സംവിധാനങ്ങളായിരിക്കരുത്. അതുകൊണ്ടാണ് ഇക്കാര ്യത്തിൽ ഒരു ജുഡീഷ്യൽ എൻക്വയറി വേണമെന്ന് ഞങ്ങൾ പറയുന്നത്. ഈ വിഷയങ്ങൾ ശ്രീ. കെ.ബി. ഗണേഷ് കുമാറിലേക്ക് നീങ്ങുന്നതായി ചില വാർത്തകൾ കണ്ടു. ശരിയാണോ എന്നുള്ള കാര്യം അന്വേഷിക്കണം. പക്ഷെ ശ്രീ. കെ.ബി. ഗണേഷ് കുമാറിന്റെ ബന്ധുതന്നെ ഈ അന്വേഷണത്തിന് നേതൃത്വം കൊടുക്കുന്നത് ശരിയല്ല. ഇവിടെയുള്ള പ്രശ്നം ക്രിമിനൽ കൂടിക്കാഴ്ചകളിലൂടെ ആരംഭിച്ച തട്ടിപ്പ് കേരളത്തിലെ ജനങ്ങളെ വഞ്ചിക്കുന്ന തരത്തിലേക്ക് വളർന്നുവലുതായിരിക്കുന്നു. കേരള ത്തിലെ ജനങ്ങളുടെ കോടിക്കണക്കിന് രൂപ തട്ടിയെടുക്കുവാൻ വേണ്ടി കേരളത്തിലെ ഒരു തട്ടിപ്പ് സംഘം മുഖ്യമന്ത്രിയുമായുള്ള ബന്ധം ദുരുപ യോഗം ചെയ്തിരിക്കുന്നു. മുഖ്യമന്ത്രി നിയമസഭയിൽ അംഗമായിട്ട് 43 വർഷം തികയുകയാണ്. നിയമസഭയിൽ അറിയാവുന്നകാര്യങ്ങൾ തമസ്ക്ക രിച്ചുകൊണ്ട് നിയമസഭക്ക് കളങ്കം വരുത്തിയിരിക്കുകയാണ് മുഖ്യമന്ത്രി. സത

ൃപ്രതിജ്ഞാലംഘനം നടത്തിയിരിക്കുകയാണ്. മുഖ്യമന്ത്രി ക്രിമിനലുകൾക്ക് സംരക്ഷണം കൊടുത്തിരിക്കുകയാണ്. അതുകൊണ്ടാണ് വസ്തുതകൾ വസ്തുനിഷ്ഠമായി പുറത്തുവരുവാൻവേണ്ടി മുഖ്യമന്ത്രി അദ്ദേഹത്തിന്റെ സ്ഥാനം രാജിവച്ച് ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകണമെന്ന് ഞങ്ങൾ പറയുന്നത്. വളരെ ഗൗരവമായ, കേരളത്തിലെ പൊതുപ്രവർത്തനത്തിന്റെ മാന്യത മുഴുവൻ നഷ്ടപ്പെടുത്തുന്ന ഈ തീരാകളങ്കത്തെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ദൗർഭാഗ്യവശാൽ ഒരന്വേഷണ ത്തിനെക്കുറിച്ച് controversy ആക്കാൻ ഇവർ ശ്രമിക്കുന്നതുകൊണ്ടാണ് ഞാനൊരുകാര്യം ഈ സഭ അറിയണമെന്നുകരുതി ഇന്റർഫിയർ ചെയ്ത് സംസാരിക്കണമെന്ന് അങ്ങയോട് അഭ്യർത്ഥിച്ചത്. ഇവിടെ സി.ആർ.പി.സി. വ്യവസ്ഥയനുസരിച്ചുമാത്രമേ ഒരു കേസ് പ്രൊസീഡ് ചെയ്യാൻ കഴിയൂ. സി. ആർ.പി.സി. വ്യവസ്ഥകൾക്കപ്പുറത്ത് ചെയ്യുന്ന കേസ്സുകളൊന്നും നില നിൽക്കില്ല, ഒരു കോടതിയിലും അത് അംഗീകരിക്കുകയുമില്ല. അപ്പോൾ ഒരു cognizable offence വരുമ്പോൾ അതിനെക്കുറിച്ച് അന്വേഷിക്കുന്നതിനു വേണ്ടി ഞങ്ങൾ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയമിച്ചു. ആ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ തലവൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും വളരെ സന്തോഷപൂർവ്വം അത്യുന്നതങ്ങളിൽ നിയമിക്കാൻ അവർ സ്വീകരിച്ച സത്യസന്ധത തെളിയിച്ചിട്ടുള്ള ഒരു പോലീസുദ്യോഗസ്ഥനാണ്. ആ പോലീസുദ്യോഗസ്ഥന്റെ ഇതുവരെയുള്ള ട്രാക്ക് റിക്കോർഡ് നോക്കി

യാൽ പ്രതിപക്ഷത്തുനിന്നോ ഭരണപക്ഷത്തുനിന്നോ, മാറി മാറി നമ്മൾ അപ്പുറത്തും ഇപ്പുറത്തും ഇരുന്നിട്ടുണ്ട്. ഇരുന്നവരാരും അവരുടെ ക്രെഡിബിലിറ്റിയേയും സത്യസന്ധതയേയും ഇന്നേവരെ ചോദ്യം ചെയ്തിട്ടില്ല. രാഷ്ട്രീയ ലക്ഷ്യം നേടുന്നതിനുവേണ്ടി ദയവായി ആ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ പേരിൽ അടിസ്ഥാനരഹിതമായ ആക്ഷേപം ഉന്നയിക്കുന്നത് ശരിയല്ല. ..........(ബഹളം)...........ഞാൻ നിങ്ങളെ അറ്റാക്ക് ചെയ്യുന്നില്ലല്ലോ. ഞാൻ വളരെ ശാന്തമായിട്ട് എന്റെ വകുപ്പിന് പറയാനുള്ള കാര്യങ്ങളാണ് പറയുന്നത്. ഇവിടെ അന്വേഷണസംഘത്തിന്റെ മുമ്പിലുള്ളത് 2009 മുതൽ എടുത്തിട്ടുള്ള കേസ്സുകളാണ്. 2009 മുതൽ എടുത്തിട്ടുള്ള കേസ്സുകളെല്ലാം അന്വേഷണസംഘം പരിശോധിക്കുകയാണ്. എന്തുകൊണ്ട് നേരത്തെ നോക്കിയിട്ടില്ല എന്നുള്ളതൊക്കെ അവർ വിശദീകരിക്കേണ്ട കാര്യങ്ങളാണ്. 2009 മുതൽ ശ്രീ. ബിജു രാധാകൃഷ്ണനും ശ്രീമതി സരിതാ എസ്. നായരും പ്രതികളായിട്ടുള്ള 14 കേസ്സുകളുണ്ട്. ആ കേസ്സുകളുടെ ലിസ്റ്റാണ് എന്റെ കയ്യിലുള്ളത്. ആ കേസ്സുകളെല്ലാം അന്വേഷിക്കണമെങ്കിൽ, ആ അന്വേഷണം നേരത്തെ ഞാൻ പറഞ്ഞതുപോലെ സി.ആർ.പി.സി. വ്യവസ്ഥയിൽ cognizable offence എടുക്കാനും ഇൻവെസ്റ്റിഗേറ്റ് ചെയ്യാനും അതോറിറ്റിയുള്ള ഒരു സമിതിക്കു മാത്രമേ സാധ്യമാകൂ. ആ സമിതി വളരെ സത്യസന്ധമായി ഇക്കാര്യങ്ങൾ അന്വേഷിക്കുകയാണ്. ഇവിടെ മുഖ്യമന്ത്രിയുടെ ഫോൺകോളിനെക്കുറിച്ചും.......... അതാണല്ലോ വിവാദങ്ങളുടെ ഒരു ചുരുളുണ്ടാക്കാൻ ശ്രമിക്കുന്നത്. ഞാൻ പലരൂപത്തിൽ, എനിക്ക് കഴിയുന്ന മാർഗ്ഗങ്ങളുപയോഗിച്ച് നോക്കിയപ്പോൾ, സത്യം പറഞ്ഞാൽ ഈ ഫോൺകോളുകളിൽ മഹാഭൂരിപക്ഷത്തിൽ മഹാഭൂരിപക്ഷവും ടവർ ലൊക്കേഷൻ നോക്കുമ്പോൾ മുഖ്യ

മന്ത്രി സ്ഥലത്തില്ലാത്ത സമയങ്ങളിലാണ് നടന്നിരിക്കുന്നത്. .....(ബഹളം)......... ലോകത്തെവിടെയെങ്കിലും സത്യം പറയണമെങ്കിൽ ആദ്യം പറയേണ്ടത് അങ്ങയുടെ മുമ്പിലാണ് എന്ന് വിശ്വസിക്കുന്ന ഒരു പൊതുപ്രവർത്തക നാണ് ഞാൻ. ..........(ബഹളം)........അതുകൊണ്ട് ഇവിടെ എന്റെ കയ്യിൽ, അന്വേഷണം നടന്നുകൊണ്ടിരിക്കുമ്പോഴാണല്ലോ അതിനെക്കുറിച്ച് ഇവിടെ ഒത്തിരി കാര്യങ്ങൾ പറഞ്ഞത്. അത് പറയുമ്പോൾ ഭാഗീകമായി പറഞ്ഞു തീർക്കരുത്. അതുകൊണ്ട് ഞാൻ ഒരു റൈഡർകൂടി ചേർക്കുകയാണ്. ഇവിടെ................. അങ്ങേക്ക് വഴങ്ങിയാൽപ്പിന്നെ എന്നെ ഡിസ്റ്റർബ് ചെയ്യരുത്. ഞാൻ അങ്ങേയ്ക്ക് വഴങ്ങാം. എനിക്ക് അങ്ങയോട് വലിയ ബഹുമാനമാണ്.

ശ്രീ. സി. ദിവാകരൻ: സർ, അതീവ ഗുരുതരമായ വിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഹോം മിനിസ്റ്ററുടെ സ്റ്റേറ്റ്മെന്റ് എല്ലാംതന്നെ ഇത് മുഴുവൻ നിഷേധിക്കുന്നതാണ്. അങ്ങനെയാണെങ്കിൽ ഇപ്പോൾ നടക്കുന്ന അന്വേഷണത്തിന് യാതൊരു പ്രസക്തിയുമില്ല. ഹോം മിനിസ്റ്റർ നിയമസഭയിൽ കള്ളം പറഞ്ഞു എന്നുള്ള റിപ്പോർട്ട് വരാൻ പോകുന്നില്ല. അപ്പോൾ ഹോം മിനിസ്റ്ററുടെ റിപ്പോർട്ടാണ് വരാൻ പോകുന്നത്. എന്തിനാണ് ഈ നാടകം?

മി. സ്പീക്കർ: നാടകമൊന്നുമില്ല. ഹോം മിനിസ്റ്റർ, അങ്ങ് വൈൻഡ് അപ്പ് ചെയ്യൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാനൊരിക്കലും അന്വേഷ ണസംഘത്തിനെ വഴിതെറ്റിക്കത്തക്കവിധത്തിൽ പറയില്ല..........(ബഹളം......) ഞാൻ ഇതിന്റെ ഫാക്ട്സ് മാത്രമേ പറയുന്നുള്ളൂ............(ബഹളം)...............

മി. സ്പീക്കർ: അങ്ങ് പെട്ടെന്ന് പറഞ്ഞ് അവസാനിപ്പിക്കണം പ്ലീസ്....... പ്ലീസ്................സി.എം.. മറുപടി പറയട്ടെ.......പ്ലീസ്.........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഫോൺ വിളിച്ച സമയത്ത് ആ ടവർ ലൊക്കേഷൻ സ്ഥലത്ത് ഉണ്ടായിരുന്നില്ല എന്നാണ്. അതൊരു നിഗമനമാണ്. ഇൻവെസ്റ്റിഗേഷൻ ഏജൻസി കണ്ടുപിടിക്കേണ്ട ഒരു നിഗമനം, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിതന്നെ വെളിപ്പെടുത്തിക്കഴിഞ്ഞാൽ ഇതിന് വ്യത്യസ്തമായ ഒരു റിപ്പോർട്ട് എഴുതിത്തരാൻ ധൈര്യമുള്ള ഏത് ഓഫീസറാണ് ഈ കേരളാ പോലീസിലുള്ളത്? ആഭ്യന്തര വകുപ്പുമന്ത്രിതന്നെ പറഞ്ഞിരിക്കുകയാണ്, ഇൻവെസ്റ്റിഗേഷന്റെ ഭാഗമായി കിടക്കുന്ന കാര്യം ഇവിടെ വെളിപ്പെടുത്തിക്കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇന്ന ദിവസം ഇന്ന ഫോണിൽ ഇന്ന ടവറിൽ എന്ന് ഞാൻ പറഞ്ഞിട്ടേയില്ല. അത് പറയുന്ന പ്രശ്നവുമില്ല. ........(ബഹളം)................. അതേ സമയം ജനറലായിട്ടുള്ള ഒരു സ്റ്റേറ്റുമെന്റ് പറയണം........(ബഹളം)........

മി. സ്പീക്കർ: മുഖ്യമന്ത്രി സംസാരിക്കട്ടെ..........(ബഹളം)............. എന്തു സംഭവിച്ചു, എന്തുപറ്റി, ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതല്ലേയുള്ളൂ........(ബഹളം)................... മുഖ്യമന്ത്രി മറുപടി പറയണ്ടേ? പ്ലീസ്......പ്ലീസ് സി.എം. സംസാരിക്കട്ടെ..........(ബഹളം).......... പ്ലീസ്......പ്ലീസ്............

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: പ്രതിപക്ഷനേതാവേ .......ഒരു മിനിട്ട്, സാധാരണഗതിയിൽ അടിയന്തര പ്രമേയം അവതരിപ്പിച്ചിട്ട് സഭ നിറുത്തിവയ്ക്കണമോ വേണ്ടയോ

എന്ന് മുഖ്യമന്ത്രിയുടെ സജഷൻ പറയും. അതുകൊണ്ട് ഒരു മിനിട്ട് അദ്ദേഹം പറഞ്ഞോട്ടെ. അത് കഴിഞ്ഞ് പ്രതിപക്ഷനേതാവിന് പറയാം. അങ്ങേയ്ക്ക് ഇഷ്ടംപോലെ സമയം തരാം. പ്ലീസ്............ നിങ്ങൾ ഇങ്ങനെ നിന്നാൽ പ്രതി പക്ഷ നേതാവ് എങ്ങനെ സംസാരിക്കും? സംസാരിക്കാൻ പറ്റില്ലല്ലോ. പ്രതി പക്ഷ നേതാവ് സംസാരിക്കാനുള്ള ഗ്രൗണ്ട് സപ്പോർട്ടൊന്നും നിങ്ങൾ കൊടു ക്കണ്ട........ നിങ്ങൾ നിങ്ങളുടെ സീറ്റിൽ ഇരുന്നാൽ മതി.. അദ്ദേഹം സംസാരി ച്ചുകൊള്ളും. അദ്ദേഹത്തിന് പറയാനുള്ളത് പറയണ്ടേ. പ്ലീസ്.......... പ്ലീസ്............ നിങ്ങൾ ഇങ്ങനെ നിന്നാൽ മുഖ്യമന്ത്രിയും പറയില്ല. അവസാനം പ്രതിപക്ഷനേതാവിനും സംസാരിക്കാൻ പറ്റില്ല. നോ........നോ............ ............(ബഹളം)...............പ്രതിപക്ഷ നേതാവിനെ അങ്ങനെ നിറുത്തികൊണ്ട് എനിക്ക് വിളിക്കാൻ പറ്റുമോ. ............(ബഹളം)...............സഭയിൽ ഒരാൾ പറഞ്ഞാൽ അത് അല്ല എങ്കിൽ തിരിച്ച് നിങ്ങൾക്കും പറയാനുള്ള സ്വാതന്ത്ര്യം ഉണ്ടല്ലോ. ............(ബഹളം)..............ഉണ്ട്............മുഖ്യമന്ത്രി പ്ലീസ്........... പ്ലീസ്................. മുഖ്യമന്ത്രി സംസാരിക്കൂ....ഇവിടെ ഏത് കേസ് അന്വേഷിച്ച സന്ദർഭത്തിലും ഇവിടെ ആഭ്യന്തര മന്ത്രിമാരുണ്ടായിട്ടുണ്ട്. അതുകൊണ്ട് അവർ പറയുന്നതെല്ലാം കേസന്വേഷണത്തെ സ്വാധീനിക്കാനാണെന്ന് നമുക്ക് പറയാൻ സാധിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. മാത്യു റ്റി. തോമസ് തുടങ്ങിയത്, അദ്ദേഹം പറഞ്ഞ കാര്യങ്ങൾക്കൊന്നും മറുപടി പറഞ്ഞില്ലെന്നാണ്. അടിയ ന്തര പ്രമേയത്തിന്റെ സിസ്റ്റം അറിഞ്ഞുകൂടേ? ആദ്യം ആമുഖമായി പറഞ്ഞതി നുശേഷം അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന ആൾ പറയും. അതിനു ശേഷമാണ് മന്ത്രിയുടെ മറുപടി. ഇന്ന് ഇപ്പോൾ അധികം പറയേണ്ടി വന്നു. അങ്ങ് പറയുന്നത് കേട്ടാൽ ഞാൻ ശ്രീ. ബിജുവായിട്ടും ശ്രീമതി സരിത എസ്.

നായരുമായിട്ടും നടക്കാത്ത ഒരു കൂടിക്കാഴ്ചയൊക്കെ കഴിഞ്ഞതിനു ശേഷമാണ് ഈ തട്ടിപ്പെല്ലാം നടന്നതെന്നാണ്. ബഹുമാനപ്പെട്ട മാത്യൂ റ്റി. തോമസ്, നിങ്ങൾ ഭരിക്കുന്ന കാലത്ത് 14 കേസ്സുകൾ........... ഈ തട്ടിപ്പ് മുഴുവൻ നടന്നത് ഈ കൂടിക്കാഴ്ചയുടെ പേരിലാണെന്നാണ് ശ്രീ. മാത്യൂ റ്റി. തോമസ് പറഞ്ഞത്. അങ്ങനെയാണോ?

ശ്രീ. മാത്യൂ റ്റി. തോമസ്: സർ, അങ്ങ് ഈ കൂടിക്കാഴ്ച നടത്തിയത് തട്ടിപ്പിലെ പിടിക്കിട്ടാപ്പുള്ളിയുമായിട്ടാണെന്നത് ഇരിക്കട്ടെ. അല്ലെങ്കിൽ അതിനു മുമ്പ് നടന്നതാകട്ടെ. പക്ഷെ അങ്ങ് ഈ കൂടിക്കാഴ്ച നടത്തിയതിനു ശേഷമാണ് തെറ്റായ സന്ദേശം കൊടക്കുകയും അങ്ങയുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവരും ഉദ്യോഗസ്ഥരും മന്ത്രിമാരുമൊക്കെ ഇവർക്ക് വഴിവിട്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ തുടങ്ങിയതെന്നാണ് ഞാൻ സൂചിപ്പിച്ചത്.

ശ്രീ. ഉമ്മൻ ചാണ്ടി: ഇത് നിങ്ങളുടെ കാലത്ത് കൊടുക്കുത്തിവാണ ഒരു തട്ടിപ്പാണ്. 14 കേസ്സുകൾ......................(ബഹളം)..............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതുപോലെയാണെങ്കിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇങ്ങനെ വിവിധ തട്ടിപ്പ് കേസുകളിലെ പ്രതിയായ ഒരാളെ നിങ്ങളുടെ ഓഫീസിൽ എന്തിനാണ് ഇങ്ങനെ സ്വീകരിച്ചുകൊണ്ടുപോയത്? എൽ.ഡി. എഫ്. ഗവൺമെന്റിന്റെ കാലത്തേ തട്ടിപ്പുനടത്തിയ ഒരാളെ എന്തിനാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്രോത്സാഹിപ്പിക്കാൻ ശ്രമിച്ചത്? ഈ സോളാർ എന്ന ഏർപ്പാട് അന്ന് ഉണ്ടായിട്ടുണ്ടോ? അവർ എന്തിനാണ് മുഖ്യ മന്ത്രിയുമായും മന്ത്രിമാരുമായും സംസാരിച്ചത്? നിങ്ങൾ ഇന്റലിജൻസ്

റിപ്പോർട്ട് കൊടുത്തോ? 14 കേസ്സിലെ പ്രതിയായ ഒരാളുടെ സ്ഥാപനത്തിന്റെ ഉദ്ഘാടനത്തിനാണല്ലോ മന്ത്രി പോകുന്നത്? പിന്നെ എന്തുകൊണ്ട് റിപ്പോർട്ട് കൊടുത്തില്ല? ഈ മന്ത്രിമാർക്ക് ആർക്കെങ്കിലും ഇന്റലിജൻസ് റിപ്പോർട്ട് കൊടുത്തോ? എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തേ തട്ടിപ്പുനടത്തിയ ഒരാൾ നിങ്ങളുടെ ഓഫീസിൽ കയറിയിറങ്ങുമ്പോൾ എന്തുകൊണ്ട് ഒരു ഇന്റ ലിജൻസുകാരൻ മുഖ്യമന്ത്രിക്ക് വിവരം നൽകിയില്ല? ഈ കാര്യങ്ങളൊക്കെ എവിടെ പറഞ്ഞാണ് നിങ്ങൾ വിശ്വസിപ്പിക്കാൻ പോകുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: നിങ്ങളുടെ കാലത്ത് ഒരു നടപടിയുമെടുക്കാതെ ആ കേസിനെ പൂഴ്ത്തിവച്ചു. ............(ബഹളം)............. ശ്രീ. മാത്യൂ റ്റി. തോമസ് പറഞ്ഞത്, പിടികിട്ടാപ്പുള്ളി.......... ശ്രീ. മാത്യൂ റ്റി. തോമസ്, അങ്ങും ഒരു വക്കീലല്ലേ? പിടികിട്ടാപ്പുള്ളിയായി വയ്ക്കണമെങ്കിൽ സി.ആർ.പി.സി. 82, 83 വകുപ്പുകൾ പ്രകാരം വിളമ്പരം ചെയ്ത് സ്ഥാവരജംഗമ സ്വത്തുക്കൾ കണ്ടുകെട്ടുന്നത് ഉൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ടുപോകണം. അങ്ങനെയുള്ള ഒരു നടപടിയും സ്വീകരിച്ചില്ല. അതുകൊണ്ട് ഇത് ഞങ്ങളുടെ കൂടിക്കാഴ്ചയൊന്നുമല്ല അവർ സ്ഥിരമായി ജനങ്ങളെ തട്ടിപ്പിക്കാൻ വേണ്ടി വന്നു. അതിനകത്ത് നിങ്ങൾക്ക് വന്ന വീഴ്ചകൾ എത്ര മറച്ചുവച്ചാലും അതിനെ മറച്ചുവയ്ക്കാൻ സാധിക്കില്ല. ഞാൻ 25,00,000 രൂപയുടെ ഒരു ചെക്ക് കൊടുത്തതിനെ സംബന്ധിച്ച് ഒന്നും പറഞ്ഞില്ലെന്നാണ് ശ്രീ. മാത്യൂ റ്റി. തോമസ് പറഞ്ഞത്. 25,00,000 രൂപയുടെ ഒരു ചെക്കെന്നുള്ളത് ഇതുമായി ബന്ധപ്പെട്ടുവരുന്ന അതിശയോക്തിപരമായ വാർത്തകളുടെ ഒരു ഭാഗമാ ണിത്. 25,00,000 രൂപയുടെ ചെക്ക് അല്ല, വെറും 2,00,000 ലക്ഷം രൂപയുടെ ചെക്ക് മാത്രമാണത്. ആ ചെക്കിലെ പണം മാറിയില്ല, അത് വണ്ടിചെക്കായി

തിരിച്ചുവന്നു. അത് സി.എം.ഡി.ആർ.എഫ്.-ലെ ഡൊണേഷനാണ്. ഡൊണേഷന് മടങ്ങി വരുന്ന ചെക്കിന് കേസുകൊടുത്താൽ അതിന് സാധ്യത കുറവാണെന്നാണ് ഇതുവരെ കിട്ടിയിട്ടുള്ള ഒരു നിയമോപദേശം. അവർക്ക് വീണ്ടും കത്ത് അയച്ചു. നിങ്ങൾ തന്ന ചെക്ക് മടങ്ങി പോയി; അതുകൊണ്ട് രൂപ അടയ്ക്കണമെന്ന് പറഞ്ഞ് കൊടുത്തു. അതാണ് പതിവ്. ഇതുവരെ ചെയ്തുകൊണ്ടിരുന്നതും അതാണ്. ഇപ്പോൾ ഇവിടെ ഉന്നയിച്ച സാഹചര്യത്തിൽ ഇതിന് ഡൊണേഷനാണെങ്കിലും നിയമപരമായ നടപടിയെടുക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണ്. പിന്നെ ഇവിടെ ഒരു മണിക്കൂർ ഞാൻ ചർച്ച നടത്തിയെന്ന് ഞാൻ പറഞ്ഞോ? പറഞ്ഞില്ലല്ലോ. പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിക്കണമെന്ന് പറഞ്ഞ ആൾ പറയുന്നത് നിങ്ങൾ വിശ്വസിക്കുന്നു. ഞാൻ പറയുന്നത് വിശ്വസിക്കുന്നില്ലായെന്നുള്ളതാണ്. അദ്ദേഹം വന്ന്, അദ്ദേഹത്തിന്റെ പ്രശ്നങ്ങൾ സംസാരിച്ച്, മടങ്ങി പോകുകയും ചെയ്തു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങ് ശ്രീ. ബിജു എന്ന ആളുമായി ചർച്ച നടത്തിയ തീയതി എന്നാണ്?

ശ്രീ. ഉമ്മൻ ചാണ്ടി: ആ തീയതി എനിക്ക് ഓർമ്മയില്ല. ഞാൻ എറണാകുളത്ത് ഉണ്ടായിരുന്ന സമയത്ത് ഒരു കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവിന് എന്നോട് സംസാരിക്കണമെന്ന് ശ്രീ. എം.ഐ. ഷാനവാസാണ് എന്നെ വിളിച്ചു പറഞ്ഞത്. അദ്ദേഹം വന്നപ്പോൾ ഞാൻ നേരത്തെ പറഞ്ഞതുപോലെ കൂട്ടത്തിൽ ഒരാളും കൂടി ഉണ്ടായിരുന്നു. അദ്ദേഹം കേരളത്തിലെ ഒരു പ്രമുഖ പത്രത്തിൽ ജോലി നോക്കുന്ന ഒരാളാണെന്ന് പറഞ്ഞു. അവരും ഞങ്ങളും സംസാരിച്ചു. അതാണ് അവിടെയുണ്ടായത്. വിജ്ഞാൻ ഭവനിൽ വച്ച് ഞാൻ അദ്ദേഹത്തെ കണ്ടിട്ടേയില്ല. ശ്രീ. മാത്യൂ റ്റി. തോമസ് പറഞ്ഞത് ശരിയാണ്.

അവിടെ അകത്ത് കടക്കണമെങ്കിൽ തലേദിവസം തന്നെ വിവരം അറിയിക്കണം. അതിൽ വളെയേറെ നടപടിക്രമങ്ങളുണ്ട്. ശ്രീ. തോമസ് കുരുവിള അവിടെ വന്നിട്ടുമില്ല; അങ്ങനെ പറഞ്ഞിട്ടുമില്ല. (ബഹളം)........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റിപ്പോർട്ടർ ചാനലിലാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. ഉമ്മൻ ചാണ്ടി: അദ്ദേഹം എന്താണ് പറഞ്ഞത്? പറഞ്ഞത് വായിക്കാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വിജ്ഞാൻ ഭവന്റെ അടുത്തുവച്ചാണ് ചർച്ച നടത്തിയത്. അതിനുമുമ്പുള്ള പരിചയമൊന്നും ഉണ്ടായിരുന്നില്ല. അവിടെ വച്ചാണ് പരിചയപ്പെട്ടത്; മുഖ്യമന്ത്രിയെ പരിചയപ്പെടുത്തികൊടുത്തൂവെന്നാണ് ശ്രീ. തോമസ് കുരുവിള പറയുന്നത്. ...........(ബഹളം).................

മി. സ്പീക്കർ: യെസ്..........യെസ്.......പ്ലീസ്.......പ്ലീസ്.......... മുഖ്യമന്ത്രി......

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാനും അതുമാത്രമേ പറഞ്ഞിട്ടുള്ളൂ. ഞാനും ശ്രീ. കെ.സി. ജോസഫും ഉണ്ടായിരുന്നു. ഞങ്ങൾ പുറത്തിറങ്ങി കാർ വിളിച്ചു വരുത്തിയാൽ മൂന്നുനാല് മിനിട്ടെടുക്കും. അതിനുള്ള സാവകാശം പോലുമില്ലാത്തതുകൊണ്ട് ഞങ്ങൾ റോഡിൽ വന്നപ്പോൾ മാധ്യമപ്രവർത്തകർ നിൽപ്പുണ്ടായിരുന്നു. അവരുടെ കൂടെ ഇവരും ഉണ്ടായിരുന്നു. കണ്ടോ, ഇല്ലയോ എന്നുള്ളത് അറിയില്ല. അദ്ദേഹം കാർ വിളിച്ചുകൊണ്ട് വന്നിട്ട് ഞങ്ങൾ ഒന്നിച്ച് പോയി എന്നാണ് പറഞ്ഞത്. കണ്ടതായി അദ്ദേഹം പറഞ്ഞിട്ടില്ല. ശ്രീ. തോമസ് കുരുവിളയെന്ന ആൾ കോട്ടയം സ്വദേശിയാണ്. വളരെ കാലമായി എനിക്ക് അടുപ്പമുള്ള എന്റെ ഒരു സഹപ്രവർത്തകനാണ്. ഞാൻ ഡൽഹിയിൽ വരുന്ന സമയത്ത് അദ്ദേഹം വരും. സാധാരണ രീതി

യിൽ എന്റെ കൂടെ സ്റ്റാഫൊന്നും കാണില്ല. അപ്പോൾ എനിക്ക് വരുന്ന ഫോൺ അറ്റന്റ് ചെയ്തെന്നിരിക്കും, എനിക്ക് ഏതെങ്കിലും ഫോൺ വിളിക്കേണ്ടി വന്നാൽ വിളിക്കും. ഞങ്ങളുടെ പാർട്ടി പ്രവർത്തകനും അറിയപ്പെടുന്ന ആളുമാണ്. ആ കാര്യത്തിൽ ഒന്നും മറച്ചുവെയ്ക്കാനില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. തോമസ് കുരുവിള അങ്ങയുടെ പി.എ യോ സ്റ്റാഫിൽപ്പെട്ട ആളോ അല്ല. അങ്ങനെയൊരാൾ കേരള ഹൗസ് ഭരിക്കുകയാണ്. അയാൾ പറഞ്ഞതനുസരിച്ചാണ് കേരള ഹൗസിൽ മൂന്ന് ജീവനക്കാരെ നിയമിച്ചത്. കേരള ഹൗസിലെ 203–ാം നമ്പർ മുറി അദ്ദേഹത്തിന് കൊടുത്തിരിക്കുകയാണ്. ഭരണഘടനാ ബാഹ്യശക്തിയായ ഒരാൾ അങ്ങയുടെമേൽ നിയന്ത്രണം നടത്തുന്നത് ശരിയാണോ? ഒരു സംസ്ഥാന ഭരണത്തിൽ മുഖ്യമന്ത്രിയെപ്പോലും നിയന്ത്രിക്കുന്ന ഒരു ഭരണഘടനാ ബാഹ്യശക്തി ഡൽഹിയിൽ പ്രവർത്തിക്കുന്നതറിഞ്ഞിട്ട് എന്തുകൊണ്ട് അങ്ങേയ്ക്ക് അത് തടയാൻ സാധിക്കുന്നില്ല?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതൊക്കെ നിങ്ങളുടെ ഭാവനയിലുള്ളതാണ്. മൂന്ന് പേരുടെ നിയമനത്തിന്റെ കാര്യം ഞാനിവിടെ പറഞ്ഞിരുന്നു. മുഖ്യമന്ത്രിക്കുപോലും അവിടെ നിയമനം നടത്തുന്നതിന് അധികാരമില്ല. നിങ്ങൾ താല്കാലിക ജീവനക്കാരായി നിയമിച്ച ഒരാളെപ്പോലും പിരിച്ചുവിട്ടിട്ടില്ല. സ്വയം പിരിഞ്ഞുപോയ ജീവനക്കാരുടെ ഒഴിവിൽ, നിങ്ങളുടെ കാലത്ത് ഏത് നടപടിക്രമമനുസരിച്ചാണോ നിയമിച്ചത് ആ നടപടിക്രമമനുസരിച്ച് എല്ലാ വ്യവസ്ഥകളും പാലിച്ചാണ് നിയമിച്ചിരിക്കുന്നത്. ഈ പ്രശ്നം കഴിഞ്ഞ ദിവസം ഇവിടെ ഉന്നയിച്ചതുകൊണ്ട് ഞാൻ റെസിഡന്റ് കമ്മീഷണറുടെ കയ്യിൽനിന്ന്

എന്താണ് നടന്നത് എന്നത് സംബന്ധിച്ച് റിട്ടണായിട്ടുള്ള റിപ്പോർട്ട് വാങ്ങിയിരുന്നു. ......... (ബഹളം) ........

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ് അച്ചുതാനന്ദൻ): സർ, 'പാവം പയ്യൻ' എന്ന് വിശേഷിപ്പിക്കപ്പെട്ട ശ്രീ. തോമസ് കുരുവിള കടം കാരണം നാട്ടിൽ നിൽക്കാൻ നിർവ്വാഹമില്ലാതെ ഓടിനടന്ന കൂട്ടത്തിലാണ് ഡൽഹിയിലെത്തിയത്. അങ്ങനെ ഡൽഹിയിലെത്തിയ ആ പാവം പയ്യൻ ഇന്ന് കോടിക്കണക്കിന് രൂപയുടെ സ്വത്തിന് ഉടമയാണ്. അദ്ദേഹം വൻ മാളിക വച്ചുകഴിഞ്ഞു. മുഖ്യമന്ത്രിയുടെ മകൻ ശ്രീ. ചാണ്ടി ഉമ്മന് സഹായം നൽകാൻവേണ്ടി മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് അയാൾ കുറേക്കാലം അവിടെ സേവനം നടത്തിയതാണ്. ആ സേവനത്തിന് ലഭിക്കുന്ന ശമ്പളംകൊണ്ട് ജീവിക്കുക എന്നല്ലാതെ വൻസമ്പാദ്യം അയാൾക്കുണ്ടാക്കാൻ കഴിയത്തക്കവിധത്തിൽ മറ്റെന്തോ ഇടപാടുകൾ ഇതിന്റെ പിറകിലുണ്ടെന്ന് ന്യായമായും സംശയിച്ചാൽ തെറ്റ് പറയാൻ കഴിയുമോ? പാവം പയ്യനെന്ന അപരനാമധേയത്തിൽ ശ്രീ. തോമസ് കുരുവിളയെ അറിയപ്പെടുന്നത് മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടാണ്. മുഖ്യമന്ത്രിയുടെ മകന് ശുശ്രൂഷ നൽകിയും സഹായം നൽകിയും കഴിഞ്ഞിരുന്ന ഒരാൾ കോടീശ്വരനായി മാറുകയും അദ്ദേഹം ഡൽഹി കേന്ദ്രീകരിച്ചുകൊണ്ട് മുഖ്യമന്ത്രിക്കും മകനും സേവനം നടത്തുകയും ചെയ്യുന്നു.

അതുപോലെ ഒരു പകൽക്കൊള്ള ശ്രീ. ബിജു രാധാകൃഷ്ണനുമായും ശ്രീമതി സരിത എസ്. നായരുമായും ബന്ധപ്പെട്ട് പുറത്തുവന്നതിനുശേഷം മുഖ്യമന്ത്രി ഒരു പൊട്ടൻകളി നടത്തുന്നതുപോലെ ഇതുസംബന്ധിച്ച് ഒരു

വിശദീകരണം നടത്തി തടിതപ്പാൻ നോക്കുന്നത് കഷ്ടമാണ്. സഭയെ തെറ്റിദ്ധരിപ്പിച്ച് പൊട്ടൻകളി നടത്തിയാൽ ഇത് ആരെങ്കിലും വിശ്വസിക്കുമെന്ന് അങ്ങ് കരുതരുത്. ഈ കൊള്ളരുതായ്മ കാണിച്ച ശ്രീ. ബിജു രാധാകൃഷ്ണനും ശ്രീമതി സരിത എസ്. നായർക്കുമെതിരെ കർശന നടപടിയെടുക്കുന്നതിന് കഴിയാത്ത അങ്ങ് രാജി വച്ച് ഒരു ജുഡീഷ്യൽ എൻക്വയറി പ്രഖ്യാപിച്ച് ഈ സഭയെയും ജനങ്ങളെയും വിശ്വാസത്തിലെടുക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. അല്ലാതെ കൂടെക്കൂടെ വിശദീകരണമെന്ന് പറഞ്ഞ് ........

മി. സ്പീക്കർ: മുഖ്യമന്ത്രി വൈൻഡ് അപ് ചെയ്തോട്ടെ. അങ്ങേയ്ക്ക് പിന്നീട് സംസാരിക്കാം. .......(ബഹളം) .......... അദ്ദേഹം വൈൻഡ് അപ് ചെയ്തില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങ് പഴയ കാല ഓർമ്മകൾ വച്ചുകൊണ്ടായിരിക്കും മകന്റെ കാര്യമൊക്കെ പറഞ്ഞത്. എനിക്ക് അങ്ങനെയൊന്നില്ല. ......... .(ബഹളം) .......... എന്താണ് വേണ്ടത്? ........ (ബഹളം) ............പഴയ കാല ഓർമ്മ ...... അതൊക്കെ ഞാൻ പറയണോ? ........(ബഹളം) ........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് വൈൻഡ് അപ് ചെയ്തോളൂ.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പ്രതിപക്ഷം ഇരിക്കാതെ എങ്ങനെ പറയും. ....(ബഹളം) .......

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ: മുഖ്യമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, മുഖ്യമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞില്ല.

......(ബഹളം) .......ഞാൻ പറയട്ടെ. ....... മുഖ്യമന്ത്രി പ്രസംഗം അവസാനിപ്പിച്ചില്ല. മുഖ്യമന്ത്രി പറയാനുള്ളത് വൈൻഡ് അപ് ചെയ്താൽ ......

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പ്രതിപക്ഷം ഇരുന്നാൽ പറയാം.

മി. സ്പീക്കർ: മുഖ്യമന്ത്രിക്ക് പറയാനുള്ള അവസരം കൊടുക്കണം. അദ്ദേഹത്തിന് പ്രസംഗം അവസാനിപ്പിക്കണ്ടേ. ............................................. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങേയ്ക്ക് ഇതിന്റെ ചടങ്ങുകൾ അറിയാഞ്ഞിട്ടല്ലല്ലോ. മുഖ്യമന്ത്രി സംസാരിച്ചതിനുശേഷം പ്രതിപക്ഷനേതാവിന് സംസാരിക്കാം. മുഖ്യമന്ത്രി പ്രസംഗം അവസാനിപ്പിച്ചിട്ടില്ല. ........(ബഹളം) ........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായതാണെങ്കിൽ ജുഡീഷ്യൽ അന്വേഷണം നടത്തുമോ?

മി. സ്പീക്കർ: അതിന് ഞാനല്ല മറുപടി പറയേണ്ടത്......... (ബഹളം).........ഗവൺമെന്റാണ് മറുപടി പറയേണ്ടത്. ...യെസ്......(ബഹളം)....... ദയവായി നിങ്ങൾ സീറ്റുകളിലേയ്ക്ക് മടങ്ങിപ്പോകണം. മുഖ്യമന്ത്രി പെട്ടെന്ന് സംസാരിച്ച് വൈൻഡ്-അപ് ചെയ്യും. അതിനുശേഷം പ്രതിപക്ഷ നേതാവിന് സംസാരിക്കാം............(ബഹളം)....ദയവ് ചെയ്ത് സീറ്റുകളിലേയ്ക്ക് മടങ്ങിപ്പോകണം. ...(ബഹളം).....സഭ കുറച്ചുസമയത്തേയ്ക്ക് നിറുത്തിവച്ചിരിക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭ രാവിലെ 10.44-ന് അൽപ്പനേരത്തേയ്ക്ക് നിർത്തിവയ്ക്കുകയും 11.43-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിക്കുകയും ചെയ്തു.)

<u>മി. സ്പീക്കർ</u>: ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും നേതാക്കന്മാരുമായി ചെയർ സംസാരിച്ചു. ഭരണകക്ഷിയുടെ നിലപാടുകളെക്കുറിച്ചോ പ്രതിപക്ഷത്തിന്റെ ഡിമാന്റുകളെക്കുറിച്ചോ അല്ലെന്ന് നിങ്ങൾക്കറിയാമല്ലോ. സഭ മുന്നോട്ട് നടത്തിക്കൊണ്ടുപോകാൻ രണ്ടുകൂട്ടരോടും സംസാരിച്ചു. ഏതായാലും ഡിമാന്റ് പാസ്സാക്കേണ്ടത് സംസ്ഥാനത്തിന്റെ ആവശ്യമാണ്. പ്രതിപക്ഷം സ്വാഭാവികമായും അവരുടെ നിലപാട് അറിയിച്ചു. സഭ മുന്നോട്ട് നടന്നുപോകണമെന്നുള്ളതാണ് ചെയറിന്റെ അഭിപ്രായം. സഭ നിറുത്തി വയ്ക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുകയായിരുന്നു. അങ്ങ് സംസാരിച്ച് വൈൻഡ്-അപ് ചെയ്താൽ .................(ബഹളം)............... ഫ്ളോറിൽ അങ്ങയുടെ അടിയന്തരപ്രമേയം നിൽക്കുകയാണ്. അങ്ങ് സംസാരിക്കൂ. .... (ബഹളം)

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, ഇവിടെ പറഞ്ഞ കാര്യങ്ങൾ എല്ലാം നിഷേധിക്കുന്നു. ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമല്ല. രാജി വയ്ക്കണമെന്നും ജുഡീഷ്യൽ അന്വേഷണം വേണമെന്നുമുള്ള ആവശ്യങ്ങൾ ഗവൺമെന്റ് തള്ളിക്കളയുന്നു. ഇക്കാര്യം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

<u>മി. സ്പീക്കർ:</u> മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു. ............(ബഹളം)...............ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുന്നു.